79

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# ജോലിക്കാരുടെ പ്രാവിഡൻറ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റ്, 1952

(1952-ലെ 19-ാം നമ്പർ ആക്റ്റ്)

[illegible] ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

വില :

കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

सत्यमेव जयते

# ജോലിക്കാരുടെ പ്രാവിഡൻറ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്ററ്, 1952

(1952-ലെ 19-ാം നമ്പർ ആക്ററ്)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്.

1977

# ജോലിക്കാരുടെ പ്രാവിഡൻറ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്ററ്, 1952

## വകുപ്പുകളുടെ വിന്യാസം

വകുപ്പുകൾ


1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും.
2. നിർവ്വചനങ്ങൾ.
2ക. സ്ഥാപനത്തിൽ എല്ലാവകുപ്പുകളും ശാഖകളും ഉൾപ്പെടുന്നതാണെന്ന്.
3. മറെറാരു സ്ഥാപനവുമായി പൊതുവായ പ്രാവിഡൻറ് ഫണ്ടുള്ള സ്ഥാപനത്തിന് ആക്ററ് ബാധകമാക്കാനുള്ള അധികാരം.
4. 1-ാം പട്ടികയിൽ ചേർക്കാനുള്ള അധികാരം.
5. ജോലിക്കാരുടെ പ്രാവിഡൻറ് ഫണ്ട് പദ്ധതികൾ.
5ക. കേന്ദ്രബോർഡ്.
5ഖ. സ്റേററ്റ് ബോർഡ്.
5ഗ. ട്രസ്ററി ബോർഡ് ഏകാംഗീകൃതനികായം ആയിരിക്കണമെന്ന്.
5ഘ. ഉദ്യോഗസ്ഥൻമാരുടെ നിയമനം.
5ങ. പ്രത്യായോജനം.
6. അംശദായങ്ങളും പദ്ധതികളിൽ വ്യവസ്ഥചെയ്യാവുന്ന വിഷയങ്ങളും.
6ക. ജോലിക്കാരുടെ കുടുംബപെൻഷൻ പദ്ധതി.
6ഖ. കേന്ദ്രഗവൺമെൻറിനാലുള്ള വിശേഷാൽ ഗ്രാൻറ്.
6ഗ. ജോലിക്കാരുടെ നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് പദ്ധതി.
7. പദ്ധതി ഭേദപ്പെടുത്തൽ.
7ക. നിയോജകരിൽനിന്ന് കിട്ടാനുള്ള തുകകൾ നിശ്ചയിക്കുന്നത്.
8. നിയോജകരിൽനിന്ന് കിട്ടാനുള്ള തുകകൾ വസൂലാക്കുന്ന സംപ്രദായം.
8ക. നിയോജകരും കൺട്രാക്ററർമാരും പണം വസൂലാക്കുന്നത്.
9. ഫണ്ട് 1922-ലെ 11-ാം ആക്ററിൻകീഴിൽ അംഗീകരിക്കപ്പെടണമെന്ന്.
10. ജപ്തിക്കെതിരായുള്ള സംരക്ഷണം.
11. അംശദായങ്ങൾ കൊടുക്കുന്നതിന് മററു കടങ്ങളെ അപേക്ഷിച്ച് മുൻഗണന.
12. നിയോജകൻ കൂലി മുതലായവ കുറയ്ക്കാൻ പാടില്ലെന്ന്.
13. ഇൻസ്പെക്ററർമാർ.
14. ദണ്ഡനങ്ങൾ.
14ക. കമ്പനികളാലുള്ള കുററങ്ങൾ.
14കക. ചില സംഗതികളിൽ മുൻ കുററസ്ഥാപനത്തിനുശേഷമുള്ള വർദ്ധിപ്പിച്ച ശിക്ഷ.
14കഖ. ചില കുററങ്ങൾ കോഗ്നൈസബിൾ ആയിരിക്കുമെന്ന്.
14കഗ. കുററം നടപടിക്കെടുക്കലും അതിൻെറ വിചാരണയും.
14ഖ. നഷ്ടപരിഹാരം വസൂലാക്കാനുള്ള അധികാരം.
14ഗ. ഉത്തരവുകൾ പുറപ്പെടുവിക്കാൻ കോടതിക്കുള്ള അധികാരം.
15. നിലവിലുള്ള പ്രാവിഡൻറ് ഫണ്ടുകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.

16. ആക്ററ് ചില സ്ഥാപനങ്ങൾക്കു ബാധകമാകുന്നതല്ലെന്ന്.
17. ഒഴിവാക്കാനുള്ള അധികാരം.
17ക. അക്കൗണ്ടുകൾ മാററുന്നത്.
17കക. ആക്ററിന്, 1956-ലെ 31-ാം ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവമുണ്ടായിരിക്കുമെന്ന്.
17ഖ. സ്ഥാപനം കൈമാററം ചെയ്യുന്ന സംഗതിയിലെ ബാദ്ധ്യത.
18. ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.
19. അധികാരങ്ങളുടെ പ്രത്യായോജനം.
19ക. വിഷമതകൾ നീക്കം ചെയ്യാനുള്ള അധികാരം.
20. 1951-ലെ ആർഡിനൻസ് 8-ൻെറ റദ്ദാക്കൽ.

പട്ടിക I

പട്ടിക II

പട്ടിക III

പട്ടിക IV

# ജോലിക്കാരുടെ പ്രാവിഡൻറ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റ്, 1952

## (1952-ലെ 19-ാം നമ്പർ ആക്റ്റ്)

ഫാക്റ്ററികളിലും മററുസ്ഥാപനങ്ങളിലും ജോലിക്കാർക്ക് പ്രാവിഡൻറ് ഫണ്ടുകളും കുടുംബപെൻഷൻ ഫണ്ടും നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് നിധിയും സ്ഥാപിക്കാൻ വ്യവസ്ഥചെയ്യുന്നതിനുള്ള ആക്റ്റ്.

[1952 മാർച്ച്, 4]

പാർലമെൻറ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു :—

1. ചുരുക്കപ്പേരും വ്യാപ്തിയും ബാധകതയും.—(1) ഈ ആക്റ്റിന് ജോലിക്കാരുടെ പ്രാവിഡൻറ് ഫണ്ടുകളും പലവക വ്യവസ്ഥകളും ആക്റ്റ്, 1952 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേററ് ഒഴികെയുള്ള ഇൻഡ്യ മുഴുവനും വ്യാപിക്കുന്നതാണ്.

(3) 16-ാം വകുപ്പിൽ അടങ്ങിയ വ്യവസ്ഥകൾക്കു വിധേയമായി, ഇത്—

(ക) 1-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ള ഒരു ഫാക്റ്ററി ആയിരിക്കുന്നതും, ഇരുപതോ അതിലധികമോ ആളുകൾ നിയോജിക്കപ്പെടുന്നതുമായ ഏതൊരുസ്ഥാപനത്തിനും,

(ഖ) കേന്ദ്രഗവൺമെൻറ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, വിനിർദ്ദേശിക്കുന്നതും, ഇരുപതോ അതിലധികമോ ആളുകൾ നിയോജിക്കപ്പെടുന്നതുമായ മറേറതെങ്കിലും, സ്ഥാപനത്തിനും അത്തരം സ്ഥാപനങ്ങൾക്കും ബാധകമാകുന്നു:

എന്നാൽ, കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഇരുപതിൽ കുറവായതും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നത്രയുള്ളതുമായ ആളുകൾ നിയോജിക്കപ്പെടുന്ന ഏതെങ്കിലും സ്ഥാപനത്തിന്, ഈ ആക്റ്റിലെ വ്യവസ്ഥകൾ ബാധകമാക്കാനുള്ള അതിൻെറ ഉദ്ദേശ്യത്തെക്കുറിച്ച് രണ്ടുമാസത്തിൽ കുറയാത്ത നോട്ടീസ് നല്കിയതിനുശേഷം, അപ്രകാരം ചെയ്യാവുന്നതാണ്.

(4) ഈ വകുപ്പിലെ (3)-ാം ഉപവകുപ്പിലോ, 16-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, കേന്ദ്രഗവൺമെൻറിന് ഇതിലേക്കായി അതിന് കൊടുക്കുന്ന അപേക്ഷയിൻമേലോ, മററുവിധത്തിലോ ആയാലും, ഏതെങ്കിലും സ്ഥാപനം സംബന്ധിച്ച് നിയോജകനും ഭൂരിപക്ഷം ജോലിക്കാരും ഈ ആക്റ്റിലെ വ്യവസ്ഥകൾ ആ സ്ഥാപനത്തിന് ബാധകമാക്കേണ്ടതാണെന്ന് കരാർ ചെയ്തിട്ടുണ്ടെന്ന് ബോദ്ധ്യമാകുന്നിടത്ത്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, ഈ ആക്റ്റിലെ വ്യവസ്ഥകൾ ആ സ്ഥാപനത്തിന് ബാധകമാക്കാവുന്നതാണ്.

(5) ഈ ആക്റ്റ് ബാധകമാകുന്ന ഒരു സ്ഥാപനം, അതിൽ നിയോജിക്കപ്പെടുന്ന ആളുകളുടെ എണ്ണം ഏതെങ്കിലും സമയത്ത് ഇരുപതിൽ താഴെയായിത്തീരുന്നുവെന്നിരുന്നാലും, ഈ ആക്റ്റിനാൽ തുടർന്ന് അനുശാസിതമായിരിക്കുന്നതാണ്.

2. നിർവ്വചനങ്ങൾ .— ഈ ആക്റ്റിൽ സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(ക) ''സമുചിത ഗവൺമെൻറി''ന്—

(i) കേന്ദ്ര ഗവൺമെൻറിൻെറ വകയായതോ, അതിൻെറ നിയന്ത്രണത്തിൻ കീഴിലുള്ളതോ ആയ ഒരു സ്ഥാപനം സംബന്ധിച്ചോ, അല്ലെങ്കിൽ ഒരു റയിൽവേ കമ്പനിയോടോ, വൻകിട തുറമുഖത്തോടോ, ഖനിയോടോ, എണ്ണപ്പാടത്തോടോ, നിയന്ത്രിത വ്യവസായത്തോടോ ബന്ധപ്പെട്ട ഒരു സ്ഥാപനം സംബന്ധിച്ചോ, അല്ലെങ്കിൽ ഒന്നിലധികം സ്റേററുകളിൽ വകുപ്പുകളോ ശാഖകളോ ഉള്ള ഒരു സ്ഥാപനം സംബന്ധിച്ചോ, കേന്ദ്ര ഗവൺമെൻറ് എന്നും ;

(ii) മറേറതെങ്കിലും സ്ഥാപനം സംബന്ധിച്ച് സ്റേററ് ഗവൺമെൻറ് എന്നും,

അർത്ഥമാകുന്നതും;

(ഖ) ''അടിസ്ഥാന കൂലി''ക്ക്, ഒരു ജോലിക്കാരൻ ഡ്യൂട്ടിയിൽ ആയിരിക്കുമ്പോഴോ കൂലിയോടുകൂടിയ അവധിയിലായിരിക്കുമ്പോഴോ നിയോജന കാൺട്രാക്ററിലെ നിബന്ധനകൾ അനുസരിച്ച് ആർജ്ജിക്കുന്നതും അയാൾക്ക് രൊക്കമായി കൊടുക്കുന്നതോ കൊടുക്കേണ്ടതോ ആയതുമായ എല്ലാ ഉപലബ്ധികളും എന്നർത്ഥമാകുന്നതും, എന്നാൽ, അതിൽ—

(i) ഏതെങ്കിലും ഭക്ഷണാനുകൂല്യത്തിൻെറ രൊക്കം മൂല്യമോ ;

(ii) ആ ജോലിക്കാരന്, അയാളുടെ നിയോജനമോ, ആ നിയോജനത്തിൽ ചെയ്യുന്ന പ്രവൃത്തിയോ സംബന്ധിച്ച് കൊടുക്കേണ്ട ഏതെങ്കിലും ക്ഷാമബത്തയോ (അതായത്, ജീവിതച്ചെലവിലെ വർദ്ധന കാരണം ജോലിക്കാരന് രൊക്കമായി കൊടുക്കുന്ന എല്ലാം, അതിന് എന്തു പേർ പറഞ്ഞാലും), വീട്ടുവാടക ബത്തയോ ഓവർടൈം ബത്തയോ ബോണസ്സോ കമ്മീഷനോ, അല്ലെങ്കിൽ മറേറതെങ്കിലും സദൃശ ബത്തയോ ;

(iii) നിയോജകൻ നല്കുന്ന ഏതെങ്കിലും സമ്മാനങ്ങളോ,

ഉൾപ്പെടുന്നതല്ലാത്തതും ;

(ഗ) ''അംശദായ''ത്തിന്, ഒരു പദ്ധതിക്കു കീഴിൽ ഒരു അംഗത്തെ സംബന്ധിച്ച് കൊടുക്കേണ്ട അംശദായം എന്നോ ഇൻഷുറൻസ് പദ്ധതി ബാധകമാകുന്ന ഒരു ജോലിക്കാരനെ സംബന്ധിച്ച് കൊടുക്കേണ്ട അംശദായമെന്നോ അർത്ഥമാകുന്നതും ;

(ഘ) ''നിയന്ത്രിത വ്യവസായ''ത്തിന്, ഏതു വ്യവസായത്തിൻെറ യൂണിയനാലുള്ള നിയന്ത്രണമാണോ പൊതു താത്പര്യത്തിന് സമീചീനമാണെന്ന് ഒരു കേന്ദ്ര ആക്ററിനാൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും വ്യവസായം എന്നർത്ഥമാകുന്നതും ;

(ങ) ''നിയോജക''ന്—

(i) ഫാക്ററിയായ ഒരു സ്ഥാപനം സംബന്ധിച്ച്, ഫാക്ററിയുടെ ഉടമസ്ഥനോ കൈവശക്കാരനോ,—അങ്ങനെയുള്ള ഉടമസ്ഥൻേറയോ കൈവശക്കാരൻേറയോ ഏജൻറും, മരിച്ചുപോയ ഒരു ഉടമസ്ഥൻേറയോ കൈവശക്കാരൻേറയോ നിയമാനുസൃത പ്രതിനിധിയും, ഫാക്ററി ആക്ററ്, 1948-ലെ (1948-ലെ63), 7-ാം വകുപ്പ്,(1)-ാം ഉപവകുപ്പ്(ച)ഖണ്ഡത്തിൻകീഴിൽ ഒരാൾ ഫാക്ററിയുടെ മാനേജരായി പേർ പറയപ്പെട്ടിട്ടുള്ളിടത്ത്, അപ്രകാരം പേർ പറയപ്പെട്ടിട്ടുള്ള ആളും ഉൾപ്പെടെ, എന്നും ;

(ii) മറേറതെങ്കിലും സ്ഥാപനം സംബന്ധിച്ച്, ആ സ്ഥാപനത്തിൻെറ കാര്യങ്ങളുടെ മേൽ അന്തിമനിയന്ത്രണമുള്ള ആളോ അധികാരസ്ഥാനമോ എന്നും, അങ്ങനെയുള്ള കാര്യങ്ങൾ ഒരു ഏജൻറിനേയോ, മാനേജിംങ്ങ് ഡയറക്ടറേയോ, മാനേജിംങ്ങ് ഏജൻറിനേയോ ഭരമേല്പിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള മാനേജറോ, മാനേജിംങ്ങ് ഡയറക്ടറോ, മാനേജിംഗ് ഏജൻറോ ആയ ആൾ എന്നും,
അർത്ഥമാകുന്നതും ;

(ച) ''ജോലിക്കാര''ന്, ഒരു സ്ഥാപനത്തിലെ പ്രവൃത്തിയിലോ പ്രവൃത്തി സംബന്ധിച്ചോ, ഏതെങ്കിലുംതരം പ്രവൃത്തിക്ക് അത് ശാരീരികമോ മററുവിധത്തിലുള്ളതോ ആയാലും, കൂലിക്ക് നിയോജിക്കപ്പെടുന്നവനും, നേരിട്ടോ നേരിട്ടല്ലാതേയോ നിയോജകനിൽ നിന്ന് കൂലി കിട്ടുന്നവനുമായ ഏതെങ്കിലും ആൾ എന്നർത്ഥമാകുന്നതും, അതിൽ, ആ സ്ഥാപനത്തിലെ പ്രവൃത്തിയോ പ്രവൃത്തി സംബന്ധിച്ചോ ഒരു കൺട്രാക്ററാലോ കൺട്രാക്ററർമുഖേനയോ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആൾ ഉൾപ്പെടുന്നതും ;

(ചച) ''ഒഴിവാക്കപ്പെട്ട ജോലിക്കാരൻ'' എന്നാൽ, ഏതു ജോലിക്കാരനാണോ 17-ാം വകുപ്പിൻ കീഴിൽ നല്കപ്പെടുന്ന ഒഴ വാക്കൽ ഇല്ലാത്തപക്ഷം, അതതു സംഗതിപോലെ ഒരു പദ്ധതിയോ അല്ലെങ്കിൽ ഇൻഷുറൻസ് പദ്ധതിയോ ബാധകമാകുമായിരുന്നത്, അങ്ങനെയുള്ള ജോലിക്കാരൻ എന്നർത്ഥമാകുന്നതും ;

(ചചച) ''ഒഴിവാക്കപ്പെട്ട സ്ഥാപനം'' എന്നാൽ, ഏതു സ്ഥാപനം സംബന്ധിച്ചാണോ അതതു സംഗതി പോലെ, ഏതെങ്കിലും പദ്ധതിയുടേയോ, അല്ലെങ്കിൽ ഇൻഷുറൻസ് പദ്ധതിയുടേയോ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽ നിന്ന് 17-ാം വകുപ്പിൻ കീഴിൽ ഒരു ഒഴിവാക്കൽ നല്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഒരു സ്ഥാപനം—ഒഴിവാക്കൽ നൽകിയിട്ടുള്ളത് ആ സ്ഥാപനത്തിന് ആ നിലയിലോ, അല്ലെങ്കിൽ അതിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആൾക്കോ തരം ആളുകൾക്കോ ആയാലും—എന്ന് അർത്ഥമാകുന്നതും ;

(ഛ) ''ഫാക്ററി''ക്ക്, ഏതു കെട്ടിട പരിസരങ്ങളുടെ ഏതെങ്കിലും ഭാഗത്താണോ ഒരു നിർമ്മാണ പ്രക്രിയ യന്ത്രശക്തിയുടെ സഹായത്തോടുകൂടിയോ, യന്ത്രശക്തിയുടെ സഹായം കൂടാതെയോ ആയാലും, നടത്തിക്കൊണ്ടിരിക്കുകയോ, അല്ലെങ്കിൽ സാധാരണമായി നടത്താറുണ്ടായിരിക്കുകയോ ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും കെട്ടിടപരിസരങ്ങൾ, അതിൻെറ അതിർത്തികൾ ഉൾപ്പെടെ, എന്നർത്ഥമാകുന്നതും ;

(ഛഛ) ''കുടുംബപെൻഷൻ ഫണ്ട്'' എന്നാൽ കുടുംബപെൻഷൻ പദ്ധതിക്ക് കീഴിൽ സ്ഥാപിക്കപ്പെടുന്ന കുടുംബപെൻഷൻ ഫണ്ട് എന്നർത്ഥമാകുന്നതും ;

(ഛഛഛ) ''കുടുംബപെൻഷൻ പദ്ധതി'' എന്നാൽ, 6 ക വകുപ്പിൻ കീഴിൽ തയ്യാറാക്കപ്പെടുന്ന ജോലിക്കാരുടെ കുടുംബപെൻഷൻ പദ്ധതിയെന്ന് അർത്ഥമാകുന്നതും ;

(ജ) ''ഫണ്ടി''ന്, ഒരു പദ്ധതിക്കു കീഴിൽ സ്ഥാപിക്കപ്പെടുന്ന പ്രാവിഡൻറ് ഫണ്ട് എന്നർത്ഥമാകുന്നതും ;

(ഝ) ''വ്യവസായ''ത്തിന്, 1-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും വ്യവസായം എന്നർത്ഥമാകുന്നതും, അതിൽ 4-ാം വകുപ്പിൻ കീഴിൽ വിജ്ഞാപനംവഴി പട്ടികയിൽ ചേർക്കപ്പെടുന്ന മററ് ഏതെങ്കിലും വ്യവസായം ഉൾപ്പെടുന്നതും ;

(ഢക) ''ഇൻഷുറൻസ് നിധി''ക്ക്, 6 ഗ വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെടുന്ന നിക്ഷേപാനുബദ്ധ ഇൻഷുറൻസ് നിധി എന്നർത്ഥമാകുന്നതും ;

(ഢഖ) ''ഇൻഷുറൻസ് പദ്ധതി''ക്ക്, 6 ഗ വകുപ്പ് (1)-ാം ഉപ വകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന നിക്ഷേപാനുബദ്ധ ഇൻഷുറൻസ് പദ്ധതി എന്നർത്ഥമാകുന്നതും ;

(ഢ ഗ) ''നിർമ്മാണം'', അല്ലെങ്കിൽ ''നിർമ്മാണ പ്രക്രിയ'' എന്നാൽ, ഏതെങ്കിലും സാധനം അല്ലെങ്കിൽ പദാർത്ഥം അതിന്റെ ഉപയോഗമോ, വില്പനയോ, പരിവഹണമോ ഡെലിവറിയോ, വ്യയനമോ ലക്ഷ്യമാക്കി ഉണ്ടാക്കുകയോ വ്യത്യാസപ്പെടുത്തുകയോ, കേടുപാടു തീർക്കുകയോ, മോടി പിടിപ്പിക്കുകയോ, മിനുക്കുപണി ചെയ്യുകയോ, പായ്ക്കുചെയ്യുകയോ, എണ്ണയിടുകയോ, കഴുകുകയോ, വൃത്തിയാക്കുകയോ, പൊളിക്കുകയോ, നശിപ്പിക്കുകയോ മററു വിധത്തിൽ കൈകാര്യം ചെയ്യുകയോ, അനുയോജ്യമാക്കുകയോ ചെയ്യുന്നതിനുള്ള ഏതെങ്കിലും പ്രക്രിയ എന്നർത്ഥമാകുന്നതും ;

(ഞ) ''അംഗ''ത്തിന്, ഫണ്ടിന്റെ അംഗം എന്നർത്ഥമാകുന്നതും ;

(ട) ''ഫാക്ടറിയുടെ കൈവശക്കാരൻ'' എന്നാൽ, ആ ഫാക്ടറിയുടെ കാര്യങ്ങളിൻമേൽ അന്തിമ നിയന്ത്രണം ഉള്ള ആൾ എന്നർത്ഥമാകുന്നതും, മുൻപറഞ്ഞ കാര്യങ്ങൾ ഒരു മാനേജിങ്ങ് ഏജൻറിനെ ഭരമേല്പിച്ചിട്ടുള്ളിടത്ത്, അങ്ങനെയുള്ള ഏജൻറ് ആ ഫാക്ടറിയുടെ കൈവശക്കാരനായി കരുതപ്പെടുന്നതും ;

(ഠ) ''പദ്ധതി''യ്ക്ക്, 5-ാം വകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ജോലിക്കാരുടെ പ്രാവിഡൻറ്ഫണ്ട് പദ്ധതി എന്നർത്ഥമാകുന്നതും,

ആണ്.

2 ക. **സ്ഥാപനത്തിൽ എല്ലാ വകുപ്പുകളും ശാഖകളും ഉൾപ്പെടുന്നതാണെന്ന്.**—ഒരു സ്ഥാപനം വെവ്വേറെ വകുപ്പുകൾ അടങ്ങിയതായിരിക്കുകയോ അതിനു ശാഖകൾ ഉണ്ടായിരിക്കുകയോ ചെയ്യുന്നിടത്ത്, അവ ഒരേ സ്ഥലത്തോ വെവ്വേറെ സ്ഥലങ്ങളിലോ സ്ഥിതിചെയ്യുന്നവയായാലും, അങ്ങനെയുള്ള എല്ലാ വകുപ്പുകളും ശാഖകളും ഒരേ സ്ഥാപനത്തിന്റെ ഭാഗങ്ങളായി കണക്കാക്കപ്പെടുന്നതാണെന്ന്, സംശയങ്ങൾ നീക്കംചെയ്യാനായി, ഇതിനാൽ പ്രഖ്യാപിക്കുന്നു.

3. **മററൊരു സ്ഥാപനവുമായി പൊതുവായ പ്രാവിഡൻറ്ഫണ്ടുള്ള സ്ഥാപനത്തിന് ആക്ററ് ബാധകമാക്കാനുള്ള അധികാരം.**—ഒരു സ്ഥാപനത്തിന്, ഈ ആക്ററ് ബാധകമാകുന്നതിന് തൊട്ടുമുമ്പ്, ആ സ്ഥാപനത്തിലെ ജോലിക്കാർക്കും മററേതെങ്കിലും സ്ഥാപനത്തിലെ ജോലിക്കാർക്കും പൊതുവായ ഒരു പ്രാവിഡൻറ്ഫണ്ട് അസ്തിത്വത്തിൽ ഉള്ളിടത്ത്, കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററിലെ വ്യവസ്ഥകൾ അങ്ങനെയുള്ള മററെ സ്ഥാപനത്തിനുകൂടി ബാധകമായിരിക്കുന്നതാണെന്ന് നിദേശിക്കാവുന്നതാണ്.

4. **I-ാം പട്ടികയിൽ ചേർക്കാനുള്ള അധികാരം.**— (1) കേന്ദ്രഗവൺമെൻറിന്, ഏതൊരു വ്യവസായത്തിലെ ജോലിക്കാരെ സംബന്ധിച്ചാണോ ഈ ആക്ററിൻകീഴിൽ ഒരു പ്രാവിഡൻറ്ഫണ്ട് പദ്ധതി തയ്യാറാക്കണമെന്ന് അഭിപ്രായമുള്ളത്, അങ്ങനെയുള്ള വ്യവസായം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി I-ാം പട്ടികയിൽ ചേർക്കാവുന്നതും, അതോടെ അപ്രകാരം ചേർക്കപ്പെട്ട വ്യവസായം, ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക് I-ാം പട്ടികയിൽ വിനിർദ്ദേശിച്ച വ്യവസായമായി കരുതപ്പെടുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ എല്ലാ വിജ്ഞാപനങ്ങളും, അവ പുറപ്പെടുവിച്ചതിനുശേഷം ആകുന്നത്ര വേഗത്തിൽ പാർലമെൻറ് മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

5. ജോലിക്കാരുടെ പ്രാവിഡൻറ്ഫണ്ട് പദ്ധതികൾ.—(1) ജോലിക്കാർക്കോ ഏതെങ്കിലും തരം ജോലിക്കാർക്കോ ഈ ആക്ററിൻകീഴിൽ പ്രാവിഡൻറ്ഫണ്ടുകൾ സ്ഥാപിക്കുന്നതിനായി കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ജോലിക്കാരുടെ പ്രാവിഡൻറ്ഫണ്ട് പദ്ധതി എന്നു പേർ പറയപ്പെടേണ്ട ഒരു പദ്ധതി തയ്യാറാക്കുകയും, ആ പദ്ധതി ബാധകമാകുന്ന സ്ഥാപനങ്ങളേയോ, തരം സ്ഥാപനങ്ങളേയോ വിനിർദ്ദേശിക്കുകയും ചെയ്യാവുന്നതും, ആ പദ്ധതി തയ്യാറാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, ഈ ആക്ററിലെ വ്യവസ്ഥകളും ആ പദ്ധതിയും അനുസരിച്ച് ഒരു ഫണ്ട് സ്ഥാപിക്കപ്പെടേണ്ടതും ആകുന്നു.

(1 ക) ഫണ്ട്, 5 ക വകുപ്പിൻകീഴിൽ ഏർപ്പെടുത്തുന്ന കേന്ദ്ര ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും, അതിനാൽ ഭരിക്കപ്പെടുന്നതുമാകുന്നു.

(1 ഖ) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഒരു പദ്ധതിക്ക് II-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതും, ഇത് ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ തയ്യാറാക്കപ്പെടുന്ന ഒരു പദ്ധതിക്ക്, അതിലെ വ്യവസ്ഥകളിൽഏതെങ്കിലുംമുൻകാലപ്രാബല്യത്തോടുകൂടിയോ,പിൽകാലപ്രാബല്യത്തോടുകൂടിയോ പദ്ധതിയിൽ ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാണെന്നു വ്യവസ്ഥ ചെയ്യാവുന്നതാണ്.

5 ക. കേന്ദ്രബോർഡ്.— (1) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, അതിൽ വിനിർദ്ദേശിക്കുന്ന തീയതി മുതല്ക്കുള്ള പ്രാബല്യത്തോടുകൂടി, ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾക്ക്, താഴെ പറയുന്ന ആളുകൾ അടങ്ങിയതായ (ഈ ആക്ററിൽ ഇതിനുശേഷം കേന്ദ്രബോർഡ് എന്ന് പരാമർശിക്കപ്പെടുന്ന) ഒരു ട്രസ്ററിബോർഡ് ഏർപ്പെടുത്താവുന്നതാണ്, അതായത്:—

(ക) കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടേണ്ട ഒരു ചെയർമാൻ ;

(ഖ) കേന്ദ്രഗവൺമെൻറിനാൽ, അതിൻെറ ഉദ്യോഗസ്ഥൻമാർക്കിടയിൽ നിന്ന് നിയമിക്കപ്പെടേണ്ട അഞ്ചിൽ കവിയാത്തത്ര ആളുകൾ ;

(ഗ) കേന്ദ്രഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന സ്റേററുകളിലെ ഗവൺമെൻറുകളെ പ്രതിനിധാനം ചെയ്യുന്നവരും കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടുന്നവരുമായ പതിനഞ്ചിൽ കവിയാത്തത്ര ആളുകൾ ;

(ഘ) പദ്ധതി ബാധകമാകുന്ന സ്ഥാപനങ്ങളിലെ നിയോജകരെ പ്രതിനിധാനം ചെയ്യുന്നവരും കേന്ദ്രഗവൺമെൻറ് ഇതിലേക്ക് അംഗീകരിക്കുന്ന നിയോജക സംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്രഗവൺമെൻററിനാൽ നിയമിക്കപ്പെടുന്നവരുമായ ആറ് ആളുകൾ ;

(ങ) പദ്ധതി ബാധകമാകുന്ന സ്ഥാപനങ്ങളിലെ ജോലിക്കാരെ പ്രതിനിധാനം ചെയ്യുന്നവരും ജോലിക്കാരുടെ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് അംഗീകരിക്കുന്ന സംഘടനകളുമായി ആലോചിച്ചതിനുശേഷം, കേന്ദ്രഗവൺമെൻറിനാൽ നിയമിക്കപ്പെടുന്നവരുമായ ആറ് ആളുകൾ.

(2) കേന്ദ്രബോർഡിലെ ഒരു അംഗത്തെ നിയമിക്കുന്നത് ഏത് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായാണെന്നുള്ളതും, കേന്ദ്ര ബോർഡിന്റെ യോഗങ്ങളുടെ സമയവും, സ്ഥലവും, നടപടിക്രമവും, പദ്ധതിയിൽ വ്യവസ്ഥചെയ്യുന്നതുപോലെ ആയിരിക്കേണ്ടതാകുന്നു.

(3) കേന്ദ്രബോർഡ്, അതിൽ നിക്ഷിപ്തമായിരിക്കുന്ന ഫണ്ടിന്റെ ഭരണം പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ നടത്തേണ്ടതും, ഇത് 6 ക വകുപ്പിലേയും 6 ഗ വകുപ്പിലേയും വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതും ആണ്.

(4) കേന്ദ്രബോർഡ്, പദ്ധതിയുടേയും കുടുംബ പെൻഷൻ പദ്ധതിയുടേയും ഇൻഷ്വറൻസ് പദ്ധതിയുടേയും ഏതെങ്കിലും വ്യവസ്ഥകളോ, അവയ്ക്കു കീഴിലോ കേന്ദ്രബോർഡിനോട് നിർവ്വഹിക്കാൻ ആവശ്യപ്പെടുന്ന മററു ചുമതലകൾ നിർവ്വഹിക്കേണ്ടതാകുന്നു.

5 ഖ. സ്റേററ് ബോർഡ്.—(1) കേന്ദ്രഗവൺമെൻറിന്, ഏതെങ്കിലും സ്റേററ് ഗവൺമെൻറിനോട് ആലോചിച്ചതിനുശേഷം, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, പദ്ധതിയിൽ വ്യവസ്ഥചെയ്യുന്ന രീതിയിൽ, ആ സ്റേറററിലേയ്ക്ക് (ഈ ആക്ററിൽ ഇതിനുശേഷം സ്റേററ്ബോർഡ് എന്നു പരാമർശിക്കുന്ന) ഒരു ട്രസ്ററി ബോർഡ് ഏർപ്പെടുത്താവുന്നതാണ്.

(2) സ്റേററ് ബോർഡ്, കേന്ദ്രഗവൺമെൻറ്, അപ്പോഴപ്പോൾ അതിന് തിരിച്ചുവയ്ക്കുന്ന അധികാരങ്ങൾ പ്രയോഗിക്കുകയും കർത്തവ്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാകുന്നു.

(3) സ്റേററ് ബോർഡിലെ ഒരു അംഗത്തെ നിയമിക്കുന്നത് ഏത് വ്യവസ്ഥകൾക്കും ഉപാധികൾക്കും വിധേയമായാണെന്നുള്ളതും, സ്റേററ് ബോർഡിന്റെ യോഗങ്ങളുടെ സമയവും സ്ഥലവും നടപടിക്രമവും, പദ്ധതിയിൽ വ്യവസ്ഥചെയ്യുന്നതുപോലെ ആയിരിക്കേണ്ടതാണ്.

5 ഗ. ട്രസ്ററിബോർഡ് ഏകാംഗീകൃതനികായം ആയിരിക്കണമെന്ന്.— 5 ക വകുപ്പിനോ 5 ഖ വകുപ്പിനോ കീഴിൽ ഏർപ്പെടുത്തുന്ന ഏതൊരു ട്രസ്ററി ബോർഡും, അത് ഏർപ്പെടുത്തുന്ന വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന നാമത്തിലുള്ളതും ശാശ്വതമായ പിന്തുടർച്ചാവകാശവും പൊതു മുദ്രയും ഉള്ളതുമായ ഒരു ഏകാംഗീകൃതനികായം ആയിരിക്കുന്നതും, അത് വ്യവഹരിക്കുകയും, അതിന് എതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യുന്നത് ആ നാമത്തിൽ ആയിരിക്കേണ്ടതും ആണ്.

5 ഘ. ഉദ്യോഗസ്ഥൻമാരുടെ നിയമനം.—(1) കേന്ദ്രഗവൺമെൻറ്, ഒരു കേന്ദ്ര പ്രാവിഡൻറ് ഫണ്ട് കമ്മീഷണരെ നിയമിക്കേണ്ടതും, അയാൾ കേന്ദ്രബോർഡിലെ മുഖ്യ നിർവ്വാഹകോദ്യോഗസ്ഥൻ ആയിരിക്കുന്നതും, ബോർഡിന്റെ പൊതു നിയന്ത്രണത്തിനും മേലന്വേഷണത്തിനും വിധേയനായിരിക്കുന്നതുമാണ്.

(2) കേന്ദ്രഗവൺമെൻറിന്, കേന്ദ്ര പ്രാവിഡൻറ്ഫണ്ട് കമ്മീഷണരെ, അയാളുടെ കർത്തവ്യങ്ങൾ നിറവേററുന്നതിൽ സഹായിക്കാൻ ആവശ്യകമാണെന്നു കരുതുന്നത്ര ഡെപ്യൂട്ടി പ്രാവിഡൻറ് ഫണ്ട് കമ്മീഷണറുമാരേയും, പ്രാദേശിക പ്രാവിഡൻറ്ഫണ്ട് കമ്മീഷണർമാരേയും പരമാവധി പ്രതിമാസ ശമ്പളം അഞ്ഞൂറുരൂപയിൽ കുറയാത്ത മററ് ഉദ്യോഗസ്ഥൻമാരേയും നിയമിക്കുകയും ചെയ്യാവുന്നതാണ്.

(3) കേന്ദ്രബോർഡിന് പദ്ധതിയുടേയും കുടുംബ പെൻഷൻ പദ്ധതിയുടേയും ഇൻഷ്വറൻസ് പദ്ധതിയുടേയും കാര്യക്ഷമമായ ഭരണ

തിന് ആവശ്യകമാണെന്ന് കരുതുന്ന മററു ഉദ്യോഗസ്ഥൻമാരേയും ജോലിക്കാരേയും നിയമിക്കാവുന്നതാണ്.

(4) കേന്ദ്ര പ്രാവിഡൻറ്ഫണ്ട് കമ്മീഷണരുടേയോ, ഡെപ്യൂട്ടി പ്രാവിഡൻറ് ഫണ്ട് കമ്മീഷണരുടേയോ പ്രദേശിക പ്രാവിഡൻറ് ഫണ്ട് കമ്മീഷണരുടേയോ, തസ്തികയിലേക്കോ കേന്ദ്ര ബോർഡിൻ കീഴിലെ അഞ്ഞൂറു രൂപയിൽ കുറയാത്ത പരമാവധി പ്രതിമാസശമ്പളമുള്ള മററ് ഏതെങ്കിലും തസ്തികയിലേക്കോ ഉള്ള യാതൊരു നിയമനവും യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മിഷനോട് ആലോചിച്ചതിനു ശേഷമല്ലാതെ നടത്താൻ പാടുള്ളതല്ല:

എന്നാൽ, അങ്ങനെയുള്ള യാതൊരു ആലോചനയും,—

(ക) ഒരു വർഷത്തിൽ കവിയാത്ത കാലത്തേയ്ക്കുള്ള അങ്ങനെയുള്ള ഏതെങ്കിലും നിയമനം സംബന്ധിച്ചോ;

അല്ലെങ്കിൽ,

(ഖ) നിയമിക്കപ്പെടേണ്ട ആരം അയാളുടെ നിയമന സമയത്ത്,

(i) ഇൻഡ്യൻ അഡ്മിനിസ്ട്രേററീവ് സർവ്വീസിലെ അംഗമായിരിക്കുകയോ,

(ii) ക്ലാസ് I അല്ലെങ്കിൽ ക്ലാസ് II തസ്തികയിൽ കേന്ദ്രഗവൺമെൻറ് സർവ്വീസിലോ സ്റേററ് ഗവൺമെൻറ് സർവ്വീസിലോ കേന്ദ്ര ബോർഡ് സർവ്വീസിലോ ആയിരിക്കുകയോ,

ചെയ്യുന്നുവെങ്കിലോ;

ആവശ്യമായിരിക്കുന്നതല്ല.

(5) സ്റേററ്ബോർഡിന്, ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി, ആവശ്യകമാണെന്ന് കരുതുന്ന സ്ററാഫിനെ നിയമിക്കാവുന്നതാണ്.

(6) കേന്ദ്ര പ്രാവിഡൻറ്ഫണ്ട് കമ്മിഷണരുടേയും, ഡെപ്യൂട്ടി പ്രാവിഡൻറ്ഫണ്ട് കമ്മീഷണരുടേയും, പ്രാദേശികപ്രാവിഡൻറ്ഫണ്ട് കമ്മിഷണരുടേയും റിക്രൂട്ടുമെൻറ് സമ്പ്രദായവും ശമ്പളവും ബത്തകളും അച്ചടക്കവും, മററു സേവനവ്യവസ്ഥകളും, കേന്ദ്രഗവൺമെൻറ് വിനിർദ്ദേശിക്കുന്നതുപോലെ ആയിരിക്കുന്നതും, അങ്ങനെയുള്ള ശമ്പളവും ബത്തകളും ഫണ്ടിൽനിന്ന് കൊടുക്കേണ്ടതുമാകുന്നു.

(7) കേന്ദ്രബോർഡിലെ മററ് ഉദ്യോഗസ്ഥൻമാരുടേയും ജോലിക്കാരുടേയും റെക്രൂട്ടുമെൻറ് സമ്പ്രദായവും ശമ്പളവും ബത്തകളും അച്ചടക്കവും മററു സേവനവ്യവസ്ഥകളും, കേന്ദ്രബോർഡ് കേന്ദ്രഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി വിനിർദ്ദേശിക്കുന്നതുപോലെ ആയിരിക്കുന്നതാണ്.

(8) ഒരു സ്റേററ് ബോർഡിലെ ഉദ്യോഗസ്ഥൻമാരുടേയും ജോലിക്കാരുടേയും റെക്രൂട്ടുമെൻറ് സംപ്രദായവും ശമ്പളവും ബത്തകളും അച്ചടക്കവും മററു സേവനവ്യവസ്ഥകളും, ആ ബോർഡ് ബന്ധപ്പെട്ട സ്റേററ് ഗവൺമെൻറിൻെറ അംഗീകാരത്തോടുകൂടി വിനിർദ്ദേശിക്കുന്നതുപോലെ ആയിരിക്കുന്നതാണ്.

5 ങ. പ്രത്യായോജനം.— കേന്ദ്ര ബോർഡിന്, കേന്ദ്ര ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും, സ്റേററ് ബോർഡിന് ബന്ധപ്പെട്ട സ്റേററ്ഗവൺമെൻറിൻെറ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടിയും, ഈ ആക്ററിൻകീഴിലെ അതിൻെറ അധികാരങ്ങളിലും ചുമതല

കളിലും, പദ്ധതിയുടേയും കുടുംബപെൻഷൻ പദ്ധതിയുടേയും ഇൻഷ്വറൻസ് പദ്ധതിയുടേയും കാര്യക്ഷമമായ ഭരണത്തിന് ആവശ്യകമാണെന്ന് അതു കരുതുനവ, അതിൻെറ ചെയർമാനോ അതിൻെറ ഉദ്യോഗസ്ഥൻമാരിൽ ആർക്കെങ്കിലുമോ അതു വിനിർദ്ദേശിക്കുന്ന ഉപാധികളും പരിമിതികളും വല്ലതും ഉണ്ടെങ്കിൽ, അവയ്ക്കു വിധേയമായി, പ്രത്യായോജനം ചെയ്യാവുന്നതാണ്.

6. അംശദായങ്ങളും പദ്ധതികളിൽ വ്യവസ്ഥചെയ്യാവുന്ന വിഷയങ്ങളും.— നിയോജകൻ ഫണ്ടിലേക്ക് കൊടുക്കേണ്ട അംശദായം ജോലിക്കാരിൽ ഓരോരുത്തർക്കും, (അവർ അയാളാൽ നേരിട്ടോ കൺട്രാക്റ്ററാലോ കൺട്രാക്ററർമുഖേനയോ നിയോജിക്കപ്പെടുന്നവർ ആയാലും) തൽസമയം കൊടുക്കേണ്ട അടിസ്ഥാനകൂലിയുടേയും ക്ഷാമബത്തയുടേയും റീട്ടെയിനിംഗ് ബത്തയുടേയും (വല്ലതുമുണ്ടെങ്കിൽ) ആറേകാൽ ശതമാനം ആയിരിക്കുന്നതും, ജോലിക്കാരൻെറ അംശദായം, അയാളെ സംബന്ധിച്ച് നിയോജകൻ കൊടുക്കേണ്ട അംശദായത്തിന് തുല്യമായിരിക്കുന്നതും, അത് അയാളുടെ അടിസ്ഥാന കൂലിയുടേയും ക്ഷാമബത്തയുടേയും റീട്ടെയിനിംങ് ബത്തയുടേയും(വല്ലതുമുണ്ടെങ്കിൽ) എട്ടും മൂന്നിലൊന്നും ശതമാനത്തിൽ കവിയാത്ത ഒരു തുക ആയിരിക്കണമെന്ന്, ഏതെങ്കിലും ജോലിക്കാരൻ ആഗ്രഹിക്കുകയും പദ്ധതി അതിന് വ്യവസ്ഥചെയ്യുകയും ചെയ്യുന്നുവെങ്കിൽ, അങ്ങനെയുള്ള തുക ആയിരിക്കാവുന്നതും ആണ്:

എന്നാൽ, കേന്ദ്രഗവൺമെൻറ്, യുക്തമെന്ന് കരുതുന്ന, അന്വേഷണ വിചാരണയ്ക്കുശേഷം ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിനോ, തരം സ്ഥാപനങ്ങൾക്കോ ബാധകമാകുന്നതിൽ, ഈ വകുപ്പ് ''ആറേകാൽശതമാനം'' എന്ന വാക്കുകൾക്ക് പകരം ''എട്ടുശതമാനം'' എന്ന വാക്കുകൾ ചേർത്തിരുന്നാലുള്ള രൂപഭേദത്തിന് വിധേയമായിരിക്കുന്നതാണ്:

എന്നുമാത്രമല്ല, ഈ ആക്ററിൻകീഴിൽ കൊടുക്കേണ്ട ഏതെങ്കിലും അംശദായത്തുക രൂപയുടെ ഭിന്നിതം അടങ്ങിയതായിരിക്കുന്നിടത്ത് പദ്ധതിയ്ക്ക് അങ്ങനെയുള്ള ഭിന്നിതം ഏററവും അടുത്തുവരുന്ന രൂപയോ, അരരൂപയോ കാൽരൂപയോ ആയി പൂർണ്ണാങ്കമാക്കാൻ വ്യവസ്ഥചെയ്യാവുന്നതാണ്.

വിശദീകരണം 1.— ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ക്ഷാമബത്തയിൽ ജോലിക്കാരന് അനുവദിക്കുന്ന ഏതെങ്കിലും ഭക്ഷണാനുകൂല്യത്തിൻെറ രൊക്കം മൂല്യവും ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു,

വിശദീകരണം 2.— ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, ''റീട്ടെയിനിങ്ങ് ബത്ത''യ്ക്ക്, ഏതെങ്കിലും ഫാക്ററിയിലേയോ സ്ഥാപനത്തിലേയോ ഒരു ജോലിക്കാരന്, ആ സ്ഥാപനം പ്രവർത്തിക്കാതിരിക്കുന്ന ഏതെങ്കിലും കാലത്ത് അയാളുടെ സേവനം തുടർന്നു ലഭ്യമാക്കാൻവേണ്ടി തൽസമയം കൊടുക്കേണ്ട ബത്ത എന്ന് അർത്ഥമാകുന്നു.

6 ക. ജോലിക്കാരുടെ കുടുംബ പെൻഷൻ പദ്ധതി.—(1) കേന്ദ്ര ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും സ്ഥാപനത്തിലേയോ, തരം സ്ഥാപനങ്ങളിലേയോ ജോലിക്കാർക്ക് കുടുംബ പെൻഷൻ-ലൈഫ് അഷ്വറൻസ് ആനുകൂല്യങ്ങൾ നല്കുന്നതിനുവേണ്ടി, ജോലിക്കാരുടെ കുടുംബ പെൻഷൻ പദ്ധതി എന്നു പേർ പറയേണ്ട ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്.

(2) കുടുംബ പെൻഷൻ പദ്ധതി തയ്യാറാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, ഒരു കുടുംബ പെൻഷൻഫണ്ട് സ്ഥാപിക്കപ്പെടേണ്ടതും, അതിലേക്ക് അങ്ങനെയുള്ള ഏതൊരു ജോലിക്കാരനെ സംബന്ധിച്ചും, അപ്പോഴപ്പോൾ—

(ക) 6-ാം വകുപ്പിൻകീഴിൽ നിയോജകനാലും ജോലിക്കാരനാലും അംശദായമായി കൊടുക്കേണ്ടതുകയുടെ, കുടുംബ പെൻഷൻ പദ്ധതിയിൽ വിനിർദ്ദേശിക്കുന്നത്രയുള്ളതും നാലിലൊന്നിൽ കവിയാത്തതുമായ, ഭാഗവും,

(ഖ) ഒരു ഒഴിവാക്കപ്പെട്ട സ്ഥാപനത്തിന്റെ നിയോജകൻ 17-ാം വകുപ്പ് (6)-ാം ഉപവകുപ്പിൻകീഴിൽ കൊടുക്കേണ്ട തുകകളും,

(ഗ) (ക) ഖണ്ഡത്തിനനുസൃതമായി, 6-ാം വകുപ്പിൻകീഴിൽ നിയോജകന്റെ അംശദായത്തിൽനിന്ന് കൊടുക്കേണ്ട തുകയിൽ കുറയാത്തതും പാർലമെന്റ് ഇതിലേക്ക് നിയമത്താൽ ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം കേന്ദ്ര ഗവൺമെന്റ് വിനിർദ്ദേശിക്കുന്നതുമായ തുകകളും, കൊടുക്കേണ്ടതും ആകുന്നു.

(3) കുടുംബ പെൻഷൻ ഫണ്ട്, കേന്ദ്ര ബോർഡിൽ നിക്ഷിപ്തമായിരിക്കുകയും അതിനാൽ ഭരിക്കപ്പെടുകയും ചെയ്യുന്നതാണ്.

(4) കുടുംബ പെൻഷൻ പദ്ധതിക്ക് iii-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(5) കുടുംബ പെൻഷൻ പദ്ധതിക്ക്, അതിന്റെ വ്യവസ്ഥകളിൽ ഏതെങ്കിലും, ആ പദ്ധതിയിൽ ഇതിലേക്ക് വിനിർദ്ദേശിക്കുന്ന തീയതി മുൻകാല പ്രഭാവത്തോടുകൂടിയോ പില്കാല പ്രഭാവത്തോടു കൂടിയോ പ്രഭാവത്തിൽ വരുന്നതാണെന്ന് വ്യവസ്ഥ ചെയ്യാവുന്നതാണ്.

6 ഖ. <u>കേന്ദ്ര ഗവൺമെന്റിനാലുള്ള വിശേഷാൽ ഗ്രാന്റ്</u> —പാർലമെന്റ് ഇതിലേക്ക് നിയമത്താൽ ചെയ്യാവുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം, കുടുംബ പെൻഷൻ ഫണ്ടിലേക്ക്, കേന്ദ്ര ഗവൺമെന്റ്, അത് നിശ്ചയിക്കുന്നത്ര കൂടുതൽ തുകകൾ കുടുംബ പെൻഷൻ പദ്ധതിയോ അതിൻ കീഴിലോ നല്കുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് വേണ്ട ചെലവിലേക്കുള്ള ചെലവുകളല്ലാത്തതും, ആ പദ്ധതിയുടെ ഭരണം സംബന്ധിച്ചതുമായ എല്ലാ ചെലവുകളും നേരിടുന്നതിനായി കൊടുക്കേണ്ടതാകുന്നു.

6 ഗ. <u>ജോലിക്കാരുടെ നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് പദ്ധതി.</u>— (1) കേന്ദ്ര ഗവൺമെന്റിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും സ്ഥാപനത്തിലേയോ തരം സ്ഥാപനങ്ങളിലേയോ ജോലിക്കാർക്ക് ലൈഫ് ഇൻഷ്വറൻസ് ആനുകൂല്യങ്ങൾ നല്കുന്നതിനുവേണ്ടി ജോലിക്കാരുടെ നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് പദ്ധതി എന്നു പേർപറയപ്പെടേണ്ട ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്.

(2) ഇൻഷ്വറൻസ് പദ്ധതി തയ്യാറാക്കിയതിനുശേഷം, ആകുന്നത്ര വേഗത്തിൽ, ഒരു നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് നിധി സ്ഥാപിക്കപ്പെടേണ്ടതും, അതിലേക്ക് നിയോജകൻ, ഏതു ജോലിക്കാരനെ സംബന്ധിച്ചാണോ താൻ നിയോജകൻ ആയിട്ടുള്ളത്, അങ്ങനെയുള്ള ജോലിക്കാരനെ സംബന്ധിച്ച് തൽസമയം കൊടുക്കേണ്ട അടിസ്ഥാന കൂലിയുടേയും ക്ഷാമബത്തയുടേയും റിട്ടെയിനിങ്ങ് ബത്തയുടെയും (വല്ലതുമുണ്ടെങ്കിൽ) ആകെത്തുകയുടെ ഒരു ശതമാനത്തിലധികമല്ലാത്തതും കേന്ദ്ര ഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി വിനിർദ്ദേശിക്കുന്നതുമായ തുക അപ്പോഴപ്പോൾ കൊടുക്കേണ്ടതും ആകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, "ക്ഷാമബത്ത" "റീട്ടെയിനിങ്ങ് ബത്ത" എന്നീപദങ്ങൾക്ക് 6-ാം വകുപ്പിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

(3) പാർലമെന്റ് നിയമത്താൽ ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം ഇൻഷ്വറൻസ് നിധിയിലേക്ക് കേന്ദ്ര ഗവൺമെന്റ് (2)-ാം ഉപവകുപ്പു ഒരു നിയോജകനോട് നല്കാൻ ആവശ്യപ്പെടുന്ന അംശദായത്തിന്റെ പകുതിയായ ഒരു തുക ഈ ആക്റ്റ് ബാധകമാകുന്ന ഏതെങ്കിലും സ്ഥാപനത്തിലേയോ തരം സ്ഥാപനങ്ങളിലേയോ ഓരോ ജോലിക്കാരനേയും സംബന്ധിച്ച് അംശദായം നല്കേണ്ടതാകുന്നു.

(4) (ക) ഇൻഷ്വറൻസ് നിധിയിലേക്ക് നിയോജകൻ, (2)-ാം ഉപവകുപ്പിനു കീഴിൽ അയാളോട് നൽകാൻ ആവശ്യപ്പെടുന്ന അംശദായത്തിന്റെ നാലിലൊന്നിൽ കവിയാത്തതും കേന്ദ്ര ഗവൺമെന്റ് അപ്പോഴപ്പോൾ നിശ്ചയിക്കുന്നതുമായ കൂടുതൽ തുകകൾ ഇൻഷ്വറൻസ് പദ്ധതിയോ അതിൻ കീഴിലോ നൽകുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് വേണ്ട ചെലവിലേക്കുള്ള ചെലവുകളല്ലാത്തതും ആ പദ്ധതിയുടെ ഭരണംസംബന്ധിച്ചതുമായ എല്ലാ ചെലവുകളും നേരിടുന്നതിനായി കൊടുക്കേണ്ടതാകുന്നു.

(ഖ) പാർലമെന്റ് നിയമത്താൽ ചെയ്യുന്ന മുറപ്രകാരമുള്ള വിനിയോഗത്തിനുശേഷം, ഇൻഷ്വറൻസ് നിധിയിലേക്ക് കേന്ദ്ര ഗവൺമെന്റ്, (ക) ഖണ്ഡത്തിൻകീഴിൽ നിയോജകൻ കൊടുക്കേണ്ട തുകകളുടെ പകുതിയായ കൂടുതൽ തുകകൾ ഇൻഷ്വറൻസ് പദ്ധതിയോ അതിൻകീഴിലോ നല്കുന്ന ഏതെങ്കിലും ആനുകൂല്യങ്ങൾക്ക് വേണ്ട ചെലവിലേക്കുള്ള ചെലവുകളല്ലാത്തതും ആ പദ്ധതിയുടെ ഭരണം സംബന്ധിച്ചതുമായ എല്ലാ ചെലവുകളും നേരിടുന്നതിനായി കൊടുക്കേണ്ടതാകുന്നു.

(5) ഇൻഷ്വറൻസ് നിധി കേന്ദ്ര ബോർഡിൽ നിക്ഷിപ്തമായിരിക്കുകയും അതിനാൽ ഇൻഷ്വറൻസ് പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന രീതിയിൽ ഭരിക്കപ്പെടുകയും ചെയ്യുന്നതാണ്.

(6) ഇൻഷ്വറൻസ് പദ്ധതിക്ക് IV-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന എല്ലാ വിഷയങ്ങൾക്കുമോ അവയിൽ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(7) ഇൻഷ്വറൻസ് പദ്ധതിക്ക്, അതിന്റെ വ്യവസ്ഥകളിൽ ഏതെങ്കിലും, ആ പദ്ധതിയിൽ ഇതിലേക്ക് വിനിർദ്ദേശിക്കുന്ന രീതി മുൻകാല പ്രഭാവത്തോടുകൂടിയോ പില്കാല പ്രഭാവത്തോടുകൂടിയോ പ്രഭാവത്തിൽ വരുന്നതാണെന്നു വ്യവസ്ഥ ചെയ്യാവുന്നതാണ്.

7. പദ്ധതി ഭേദപ്പെടുത്തൽ.—(1) കേന്ദ്ര ഗവൺമെന്റിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി മുൻകാല പ്രഭാവത്തോടുകൂടിയോ പില്കാല പ്രഭാവത്തോടുകൂടിയോ, അതതു സംഗതിപോലെ പദ്ധതിയോടോ, കുടുംബ പെൻഷൻ പദ്ധതിയോടോ ഇൻഷ്വറൻസ് പദ്ധതിയോടൊ കൂട്ടിച്ചേർക്കുകയോ, അത് ഭേദഗതി ചെയ്യുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിലെ എല്ലാ വിജ്ഞാപനങ്ങളും, അവ പുറപ്പെടുവിച്ചതിനുശേഷം, ആകുന്നത്ര വേഗത്തിൽ പാർലമെന്റ് മുമ്പാകെ വയ്ക്കേണ്ടതാകുന്നു.

7 ക. നിയോജകരിൽനിന്ന് കിട്ടാനുള്ള തുകകൾ നിശ്ചയിക്കുന്നത്.—(1) കേന്ദ്ര പ്രോവിഡന്റ് ഫണ്ട് കമ്മീഷണർക്കോ, ഏതെങ്കിലും ഡെപ്യൂട്ടി പ്രോവിഡന്റ് ഫണ്ട്കമ്മീഷണർക്കോ, ഏതെങ്കിലും പ്രാദേശിക പ്രോവിഡന്റ്

ഫണ്ട് കമ്മീഷണർക്കോ, അതതു സംഗതിപോലെ, ഈ ആക്ററിലേയോ പദ്ധതിയിലേയോ കുടുംബപെൻഷൻ പദ്ധതിയിലേയോ ഇൻഷ്വറൻസ് പദ്ധതിയിലേയോ ഏതെങ്കിലും വ്യവസ്ഥയ്ക്കു കീഴിൽ, ഏതെങ്കിലും നിയോജകനിൽ നിന്നു കിട്ടാനുള്ള തുക ഉത്തരവുവഴി നിശ്ചയിക്കാവുന്നതും, ഇതിനുവേണ്ടി ആവശ്യകമാണെന്നു താൻകരുതുന്ന അന്വേഷണ വിചാരണനടത്താവുന്നതുമാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ അന്വേഷണവിചാരണ നടത്തുന്ന ഉദ്യോഗസ്ഥന്, അങ്ങനെയുള്ള അന്വേഷണ വിചാരണയുടെ ആവശ്യങ്ങൾക്ക് താഴെ പറയുന്ന വിഷയങ്ങൾ, അതായത് :—

(ക) ഏതെങ്കിലും ആളെ ഹാജരാക്കിക്കുന്നതും അല്ലെങ്കിൽ അയാളെ ശപഥത്തിൻമേൽ വിസ്തരിക്കുന്നതും ;

(ഖ) രേഖകൾ വെളിപ്പെടുത്താനും ഹാജരാക്കാനും ആവശ്യപ്പെടുന്നതും ;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നതും ;

(ഘ) സാക്ഷികളെ വിസ്തരിക്കാൻ കമ്മിഷനുകൾ പുറപ്പെടുവിക്കുന്നതും ;

സംബന്ധിച്ച് ഒരു വ്യവഹാരം വിചാരണ ചെയ്യുന്നതിനായി, ഒരു കോടതിയിൽ, സിവിൽനടപടി നിയമസംഹിത 1908-ൽ (1908-ലെ) 5 കീഴിൽ നിക്ഷിപ്തമായിരിക്കുന്ന അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതും, അങ്ങനെയുള്ള ഏതെങ്കിലും അന്വേഷണ വിചാരണ, ഇൻഡ്യൻ ശിക്ഷാനിയമസംഹിതയിലെ (1860-ലെ 45) 193-ം 228-ം വകുപ്പുകളുടെ അർത്ഥത്തിലും, 196-ാം വകുപ്പിന്റെ ആവശ്യത്തിനും നീതിന്യായ നടപടി ആയി കരുതപ്പെടുന്നതുമാകുന്നു.

(3) ഏതെങ്കിലും നിയോജകനിൽനിന്ന് കിട്ടാനുള്ള തുക നിശ്ചയിക്കുന്ന (1)-ാം ഉപവകുപ്പിൻ കീഴിലെ യാതൊരു ഉത്തരവും നിയോജകന്, തന്റെ കേസ് ബോധിപ്പിക്കാൻ ന്യായമായ അവസരം നല്കാതെ, പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

(4) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിക്കുന്ന ഉത്തരവ് അന്തിമമായിരിക്കുന്നതും, ഏതെങ്കിലും നിയമക്കോടതിയിൽ ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതുമാകുന്നു.

8. നിയോജകരിൽ നിന്ന് കിട്ടാനുള്ള തുകകൾ വസൂലാക്കുന്ന സമ്പ്രദായം. -(ക) അതതു സംഗതിപോലെ, ഫണ്ടിലേക്കോ ഇൻഷ്വറൻസ് നിധിയിലേക്കോ കൊടുക്കേണ്ട ഏതെങ്കിലും അംശദായമോ, 14 ഖ വകുപ്പിൻ കീഴിൽ വസൂലാക്കപ്പെടാവുന്ന നഷ്ടപരിഹാരമോ 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻ കീഴിലോ 17-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻ കീഴിലോ മാററാനാവശ്യപ്പെടുന്ന ഈട്ടങ്ങളോ, അല്ലെങ്കിൽ ഈ ആക്ററിലെ മറേറതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിൽ അയാൾ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ സംബന്ധിച്ചോ അല്ലെങ്കിൽ പദ്ധതിയുടേയോ ഇൻഷ്വറൻസ് പദ്ധതിയുടേയോ ഏതെങ്കിലും വ്യവസ്ഥ സംബന്ധിച്ചോ ഏതെങ്കിലും പദ്ധതിയോ അല്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയോ ബാധകമാകുന്ന ഒരു സ്ഥാപനം സംബന്ധിച്ച് നിയോജകനിൽ നിന്നോ, അല്ലെങ്കിൽ

(ഖ) 14ഖ വകുപ്പിൻ കീഴിൽ വസൂലാക്കപ്പെടാവുന്ന ഏതെങ്കിലും നഷ്ടപരിഹാരമോ, ഈ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിലോ 17-ാം വകുപ്പിൻ കീഴിൽ വിനിർദ്ദേശിക്കുന്ന ഉപാധികളിൽ ഏതിനെങ്കിലും കീഴിലോ, അയാൾ സമുചിത ഗവൺമെൻറിന് കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ സംബന്ധിച്ചോ അല്ലെങ്കിൽ മുൻപറഞ്ഞ 17-ാം വകുപ്പിൻ

കീഴിൽ കുടുംബപെൻഷൻ പദ്ധതിയിലേക്ക് അയാം കൊടുക്കേണ്ട ഏതെങ്കിലും അംശദായ, സംബന്ധിച്ചോ, ഒരു ഒഴിവാക്കപ്പെട്ട സ്ഥാപനം സംബന്ധിച്ച് നിയോജകനിൽനിന്നോ,

കിട്ടാനുള്ള ഏതെങ്കിലും തുക, അത് കുടിശ്ശികയാണെങ്കിൽ, ഭൂമി കരകുടിശ്ശികയായിരുന്നാലെന്നപോലെ, കേന്ദ്ര പ്രോവിഡൻറ് ഫണ്ട് കമ്മീഷണർക്കോ, അയാം ഇതിലേക്ക് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി പ്രാധികാരപ്പെടുത്തുന്ന മററ് ഉദ്യോഗസ്ഥനോ വസൂലാക്കാവുന്നതാണ്.

8ക. <u>നിയോജകരും കോൺട്രാക്ററർമാരും പണം വസൂലാക്കുന്നത്.</u>—(1) ഒരു കൺട്രാക്റററാലോ കൺട്രാക്ററർ മുഖേനയോ നിയോഗിക്കപ്പെടുന്ന ഒരു ജോലിക്കാരനെ സംബന്ധിച്ച്, ഒരു നിയോജകൻ കൊടുത്തിട്ടുള്ളതോ കൊടുക്കേണ്ടതോ ആയ അംശദായത്തുകയും (അതായത് ഏതെങ്കിലും പദ്ധതിയനുസരിച്ചുള്ള നിയോജകൻെറ അംശദായവും ജോലിക്കാരൻെറ അംശദായവും ഇൻഷ്വറൻസ് പദ്ധതിയനുസരിച്ചുള്ള നിയോജകൻെറ അംശദായവും) ഫണ്ട് ഭരിക്കാനുള്ള ചെലവ് നേരിടുന്നതിനായി അങ്ങനെയുള്ള അംശദാനത്തിൻെറ അടിസ്ഥാനത്തിനുള്ള ഏതെങ്കിലും ചാർജ്ജുകളും, അങ്ങനെയുള്ള നിയോജകന്, കൺട്രാക്ററിൽ നിന്ന് ഏതെങ്കിലും കാൺട്രാക്ററിൻ കീഴിൽ കൺട്രാക്ററർക്ക് കൊടുക്കേണ്ട ഏതെങ്കിലും തുകയിൽ നിന്നുള്ള കിഴിവു വഴിയോ അല്ലെങ്കിൽ കാൺട്രാക്ററർ തിരിയെ കൊടുക്കേണ്ട കടം പോലെയോ, വസൂലാക്കാവുന്നതാണ്.

(2) ഏത് കാൺട്രാക്ററിൽ നിന്നാണോ അയാളാലോ അയാം മുഖേനയോ നിയോഗിക്കപ്പെടുന്ന ഏതെങ്കിലും ജോലിക്കാരനെ സംബന്ധിച്ച്, (1)-ാം ഉപവകുപ്പിൽ പറഞ്ഞ തുകകൾ വസൂലാക്കാവുന്നത്, ആ കാൺട്രാക്ററർക്ക് അങ്ങനെയുള്ള ജോലിക്കാരനിൽ നിന്ന് ഏതെങ്കിലും പദ്ധതിയിൻ കീഴിലുള്ള ആ ജോലിക്കാരൻെറ അംശദായം, അങ്ങനെയുള്ള ജോലിക്കാരന് കൊടുക്കേണ്ട അടിസ്ഥാനക്കൂലിയിൽ നിന്നും ക്ഷാമബത്തയിൽ നിന്നും റിട്ടെയിനിങ്ങ് ബത്തയിൽ നിന്നും (വല്ലതുമുണ്ടെങ്കിൽ) ഉള്ള കിഴിവായി വസൂലാക്കാവുന്നതാണ്.

(3) വിപരീതമായി ഏതെങ്കിലും കാൺട്രാക്ററ് ഉണ്ടായിരുന്നാലും, യാതൊരു കാൺട്രാക്ററർക്കും, (1)-ാം ഉപവകുപ്പിൽ പരാമർശിച്ച നിയോജകൻെറ അംശദായമോ ചാർജ്ജുകളോ, തന്നാലോ താൻ മുഖേനയോ നിയോഗിക്കപ്പെടുന്ന ഒരു ജോലിക്കാരന് കൊടുക്കേണ്ട അടിസ്ഥാനക്കൂലിയിൽ നിന്നും ക്ഷാമബത്തയിൽ നിന്നും റിട്ടെയിനിങ്ങ്ബത്തയിൽ നിന്നും (വല്ലതുമുണ്ടെങ്കിൽ) കിഴിവുചെയ്യാനോ അങ്ങനെയുള്ള അംശദായമോ ചാർജ്ജുകളോ അങ്ങനെയുള്ള ജോലിക്കാരനിൽ നിന്ന് മററുവിധത്തിൽ വസൂലാക്കാനോ അവകാശമുണ്ടായിരിക്കുന്നതല്ല.

വിശദീകരണം:—ഈ വകുപ്പിൽ "ക്ഷാമബത്ത", "റിട്ടെയിനിങ്ങ് ബത്ത" എന്നീ പദങ്ങൾക്ക് 6-ാം വകുപ്പിൽ ഉള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാണ്.

9. <u>ഫണ്ട് 1922-ലെ 11-ാം ആക്ററിൻ കീഴിൽ അംഗീകരിക്കപ്പെടണമെന്ന്</u>— ഇൻഡ്യൻ ആദായനികുതി ആക്ററ്, 1922, (1922-ലെ 11)-ൻെറ ആവശ്യങ്ങൾക്ക്, ഫണ്ട് ആ ആക്ററിലെ അദ്ധ്യായം IXക-യുടെ അർത്ഥത്തിൽ അംഗീകൃത പ്രോവിഡൻറ് ഫണ്ടായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ, ആ അദ്ധ്യായത്തിൽ അടങ്ങിയ യാതൊന്നും, ആ അദ്ധ്യായത്തിലേയോ അതിൻകീഴിൽ ഉണ്ടാക്കപ്പെടുന്ന ചട്ടങ്ങളിലേയോ വ്യവസ്ഥകളിൽ ഏതിനെങ്കിലും വിരുദ്ധമായി (ഏത് പദ്ധതിയുടെ കീഴിലാണോ

ഫണ്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്) ആ പദ്ധതിയിലുള്ള ഏതെങ്കിലും വ്യവസ്ഥയെ പ്രഭാവശൂന്യമാക്കത്തക്കവിധം പ്രവർത്തിക്കുന്നതല്ല.

10. ജപ്തിക്കെതിരായുള്ള സംരക്ഷണം.—(1) ഫണ്ടിൽ ഏതെങ്കിലും അംഗത്തിന്റേയോ അല്ലെങ്കിൽ ഒരു പ്രാവിഡന്റ് ഫണ്ടിൽ ഏതെങ്കിലും ഒഴിവാക്കപ്പെട്ട ജോലിക്കാരന്റേയോ വരവുകണക്കിൽ നില്ക്കുന്ന തുക ഏതെങ്കിലും വിധത്തിൽ തീറുനല്കുകയോ ചാർജ്ജാക്കപ്പെടുകയോ ചെയ്യാൻ കഴിയുന്നതായിരിക്കുന്നതല്ലാത്തതും, ആ അംഗത്തിനോ ഒഴിവാക്കപ്പെട്ട ജോലിക്കാരനോ നേരിട്ടുള്ള ഏതെങ്കിലും കടമോ ബാദ്ധ്യതയോ സംബന്ധിച്ചുള്ള ഏതെങ്കിലും കോടതിയുടെ ഏതെങ്കിലും ഡിക്രിക്കോ ഉത്തരവിനോ കീഴിൽ ജപ്തിക്ക് വിധേയമായിരിക്കുന്നതല്ലാത്തതും, പ്രസിഡൻസി ടൗണുകൾ നിർദ്ധനത്വ ആക്റ്റ്, 1909 (1909-ലെ 3)-ൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ആഫീഷ്യൽ അസൈനിക്കോ പ്രവിശ്യാ നിർദ്ധനത്വ ആക്റ്റ്, 1920 (1920-ലെ 5)-ൻ കീഴിൽ നിയമിക്കപ്പെട്ടിട്ടുള്ളഏതെങ്കിലും റിസീവർക്കോ, അങ്ങനെയുള്ള ഏതെങ്കിലും തുകയ്ക്ക് അവകാശമോ അതിൻമേൽ ഏതെങ്കിലും തേർച്ചയോ ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

(2) ഫണ്ടിൽ ഒരംഗത്തിന്റേയോ, അല്ലെങ്കിൽ ഒരു പ്രാവിഡന്റ് ഫണ്ടിൽ ഒരു ഒഴിവാക്കപ്പെട്ട ജോലിക്കാരന്റേയോ വരവു കണക്കിൽ അയാളുടെ മരണസമയത്ത് നില്ക്കുന്നതും, പദ്ധതിക്കോ പ്രാവിഡന്റ്ഫണ്ട് ചട്ടങ്ങൾക്കോ കീഴിൽ അയാളുടെ നിർദ്ദിഷ്ട നാമാവിന് കൊടുക്കേണ്ടതുമായ ഏതെങ്കിലും തുക, ആ പദ്ധതിയോ ചട്ടങ്ങളോ പ്രാധികാരപ്പെടുത്തുന്ന ഏതെങ്കിലും കിഴിവുകൾക്ക് വിധേയമായി, നിർദ്ദിഷ്ട നാമാവിൽ നിക്ഷിപ്തമായിരിക്കുന്നതും, മരിച്ചുപോയ ആൾക്കോ നിർദ്ദിഷ്ട നാമാവിനോ ആ അംഗത്തിന്റേയോ ഒഴിവാക്കപ്പെട്ട ജോലിക്കാരന്റേയോ മരണത്തിനു മുമ്പ് നേരിട്ടിട്ടുള്ളഏതെങ്കിലും കടത്തിൽനിന്നോ മററ് ബാധ്യതകളിൽ നിന്നോ വിമുക്തമായിരിക്കുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലേയും (2)-ാം ഉപവകുപ്പിലേയും വ്യവസ്ഥകൾ, ആകുന്നത്ര, കുടുംബപെൻഷൻ പദ്ധതിക്ക് കീഴിൽ കൊടുക്കേണ്ട കുടുംബപെൻഷനോ, മറേറതെങ്കിലും തുകയോ സംബന്ധിച്ചും ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ കൊടുക്കേണ്ട ഏതെങ്കിലും തുക സംബന്ധിച്ചു കൂടിയും, അവ ഫണ്ടിൽനിന്ന് കൊടുക്കേണ്ട ഏതെങ്കിലും തുക സംബന്ധിച്ച് ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

11. അംശദായങ്ങൾ കൊടുക്കുന്നതിന് മററു കടങ്ങളെ അപേക്ഷിച്ച് മുൻഗണന.—(1) ഏതെങ്കിലും നിയോജകൻ നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യപ്പെടുകയോ, അല്ലെങ്കിൽ കമ്പനിയായിരിക്കെ, ഒരു പരിസമാപന ഉത്തരവ് പാസ്സാക്കപ്പെടുകയോ ചെയ്യുന്നിടത്ത്—

(ക) അതതു സംഗതിപോലെ, ഫണ്ടിലേക്കോ ഇൻഷ്വറൻസ് നിധിയിലേയ്ക്കോ കൊടുക്കേണ്ട ഏതെങ്കിലും അംശദായമോ, 14 ഖ വകുപ്പിൻ കീഴിൽ വസൂലാക്കപ്പെടാവുന്ന നഷ്ടപരിഹാരമോ, 15-ാം വകുപ്പ്, (2)-ാം ഉപവകുപ്പിൻ കീഴിൽ മാററാനാവശ്യപ്പെടുന്ന ഈട്ടങ്ങളോ. അല്ലെങ്കിൽ ഈ ആക്റ്റിലെ മറേറതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിൽ അയാൾ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ സംബന്ധിച്ചോ, അല്ലെങ്കിൽ പദ്ധതിയുടേയോ ഇൻഷ്വറൻസ് പദ്ധതിയുടെയോ ഏതെങ്കിലും വ്യവസ്ഥ സംബന്ധിച്ചോ ഏതെങ്കിലും പദ്ധതിയോ അല്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയോ ബാധകമാകുന്ന ഒരു സ്ഥാപനം സംബന്ധിച്ച നിയോജകനിൽ നിന്നോ; അല്ലെങ്കിൽ

(ഖ) (ഒഴിവാക്കപ്പെട്ട ജോലിക്കാരെ സംബന്ധിക്കുന്നിടത്തോളം) പ്രാവിഡന്റ് ഫണ്ടിന്റേയോ ഏതെങ്കിലും ഇൻഷ്വറൻസ് നിധിയുടെയോ ചട്ടങ്ങൾക്കു കീഴിലെ പ്രാവിഡന്റ് ഫണ്ടിലേയ്ക്കോ ഏതെങ്കിലും ഇൻഷ്വറൻസ് നിധിയിലേയ്ക്കോ ഉള്ള ഏതെങ്കിലും അംശദായമോ 17-ാം വകുപ്പ് (6)-ാം ഉപവകുപ്പിൻ കീഴിൽ അയാൾ കുടുംബ പെൻഷൻ ഫണ്ടിലേക്ക് കൊടുക്കേണ്ട ഏതെങ്കിലും അംശദായമോ, 14 ഖ വകുപ്പിൻകീഴിൽ വസൂലാക്കവുന്ന നഷ്ടപരിഹാരമോ അല്ലെങ്കിൽ ആ ആക്ററിലെ ഏതെങ്കിലും വ്യവസ്ഥയ്ക്കു കീഴിലോ 17-ാം വകുപ്പിൻ കീഴിൽ വിനിർദ്ദേശിക്കുന്ന ഉപാധികളിൽ ഏതിനെങ്കിലും കീഴിലോ അയാൾ സമുചിത ഗവൺമെന്റിന് കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകളോ സംബന്ധിച്ച്, ഒരു ഒഴിവാക്കപ്പെട്ട സ്ഥാപനം സംബന്ധിച്ച നിയോജകനിൽ നിന്നോ,

കിട്ടാനുള്ള തുക, അതിനുള്ള ബാദ്ധ്യത ഉദ്ഭൂതമായിട്ടുള്ളത്, ന്യായ നിർണ്ണയ ഉത്തരവോ പരിസമാപന ഉത്തരവോ പുറപ്പെടുവിക്കുന്നതിന് മുമ്പായിരിക്കുന്നിടത്ത്, പ്രസിഡൻസി ടൗണുകൾ നിർദ്ധനത്വ ആക്ററ്, 1909 (1909-ലെ 3)-ലെ 49-ാം വകുപ്പിൻ കീഴിലോ, പ്രവിശ്യാ നിർദ്ധനത്വ ആക്ററ്, 1920(1920-ലെ 5) -ലെ 61-ാം വകുപ്പിൻ കീഴിലോ, ഇൻഡ്യൻ കമ്പനി ആക്ററ്, 1956(1956-ലെ 1) -ലെ 530-ാം വകുപ്പിൻ കീഴിലോ. അതതുസംഗതി പോലെ, നിർദ്ധനന്റെ വസ്തുവിന്റേയോ, പരിസമാപനം ചെയ്യപ്പെടുന്ന കമ്പനിയുടെ ആസ്തികളുടേയോ വിതരണത്തിൽ മററ് എല്ലാ കടങ്ങളേയും അപേക്ഷിച്ച് മുൻഗണന നല്കി കൊടുക്കേണ്ട കടങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതായി കരുതപ്പെടുന്നതാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിലും 17-ാം വകുപ്പിലും, "ഇൻഷ്വറൻസ് നിധി" ക്ക്, ജോലിക്കാർ ഏതെങ്കിലും വേറിട്ടുള്ള അംശദായമോ പ്രീമിയമോ കൊടുക്കാതെ അവർക്ക് ലൈഫ് ഇൻഷ്വറൻസിന്റെ പ്രകൃതത്തിലുള്ള ആനുകൂല്യങ്ങൾ, അവ പ്രൊവിഡന്റ് ഫണ്ടിലുള്ള അവരുടെ നിക്ഷേപങ്ങളോട് അനുബന്ധമായിരുന്നാലും ഇല്ലെങ്കിലും, നല്കുന്നതിനായി ഒരു നിയോജകൻ ഏതെങ്കിലും പദ്ധതിക്കു കീഴിൽ ഏർപ്പെടുത്തുന്ന ഏതെങ്കിലും നിധി എന്ന് അർത്ഥമാകുന്നു.

(2) (ജോലിക്കാരന്റെ കൂലിയിൽനിന്ന് കിഴിവ് ചെയ്യുന്ന) ജോലിക്കാരന്റെ അംശദായം സംബന്ധിച്ച്, ഒരു നിയോജകനിൽ നിന്ന്, ഏതെങ്കിലും തുക ആറുമാസക്കാലത്തിലധികമായി കിട്ടാനുള്ളതായിട്ടുണ്ടെങ്കിൽ, അങ്ങനെ കിട്ടാനുള്ള തുക സ്ഥാപനത്തിന്റെ ആസ്തികളിൻമേൽ, ആദ്യചാർജ്ജായി കരുതപ്പെടുന്നതും, തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, മററെല്ലാ കടങ്ങളേയും അപേക്ഷിച്ചു മുൻഗണന നല്കി കൊടുക്കേണ്ടതും, ഇത് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാത്തവിധം ആയിരിക്കുന്നതും ആകുന്നു.

12. <u>നിയോജകൻ കൂലി മുതലായവ കുറയ്ക്കാൻ പാടില്ലെന്ന്.</u> — ഏതെങ്കിലുംപദ്ധതിയോ അല്ലെങ്കിൽഇൻഷ്വറൻസ് പദ്ധതിയോ ബാധകമാകുന്ന ഒരു സ്ഥാപനം സംബന്ധിച്ച യാതൊരു നിയോജകനും, ഫണ്ടിലേയ്ക്കോ, ഇൻഷ്വറൻസ്നിധിയിലേയ്ക്കോ ഏതെങ്കിലും അംശദായമോ, ഈ ആക്ററിനോ പദ്ധതിയ്ക്കോ ഇൻഷ്വറൻസ് പദ്ധതിയ്ക്കോ കീഴിൽ ഏതെങ്കിലും ചാർജ്ജുകളോ കൊടുക്കാനുള്ള തന്റെ ബാദ്ധ്യത കാരണമായി മാത്രം, പദ്ധതിയോ, ഇൻഷ്വറൻസ് പദ്ധതിയോ ബാധകമാകുന്ന ഏതെങ്കിലും ജോലിക്കാരന്റെ കൂലിയോ അല്ലെങ്കിൽ ജോലിക്കാരന് തന്റെ നിയോജനത്തിലെ പ്രകടമോ വ്യംഗ്യമോ ആയ നിബന്ധനകൾക്കു കീഴിൽ അവകാശമുള്ളതും വാർദ്ധക്യ കാല പെൻഷന്റേയോ ഗ്രാററുവിററിയുടേയോ പ്രാവിഡന്റ് ഫണ്ടിന്റേയോ

ലൈഫ് ഇൻഷ്വറൻസിൻെറയോ പ്രകൃതത്തിലുള്ളതുമായ ആനുകൂല്യങ്ങളുടെ ഒട്ടാകെയുള്ള പരിമാണമോ, നേരിട്ടോ അല്ലാതെയോ, കുറയ്ക്കാൻ പാടുള്ളതല്ല.

13. ഇൻസ്പെക്ടർമാർ. (1) സമുചിത ഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, ഈ ആക്ററിൻെറയോ പദ്ധതിയുടേയോ കുടുംബ പെൻഷൻ പദ്ധതിയുടേയോ ഇൻഷ്വറൻസ് പദ്ധതിയുടേയോ ആവശ്യങ്ങൾക്കുവേണ്ടി ഇൻസ്പെക്ടർമാരായി യുക്തമെന്ന് തോന്നുന്ന ആളുകളെ നിയമിക്കുകയും അവരുടെ അധികാരിത നിർവ്വചിക്കുകയും ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൽകീഴിൽ നിയമിക്കപ്പെടുന്ന ഏതെങ്കിലും ഇൻസ്പെക്ടർക്ക്, ഈ ആക്ററോ ഏതെങ്കിലും പദ്ധതിയോ അല്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയോ സംബന്ധിച്ച് നല്കിയിട്ടുള്ള, ഏതെങ്കിലും വിവരം ശരിയാണോ എന്നതിനെക്കുറിച്ച് അന്വേഷണവിചാരണ ചെയ്യുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ ഏതെങ്കിലും പദ്ധതിയോ അല്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയോ ബാധകമാകുന്ന ഒരു സ്ഥാപനം സംബന്ധിച്ച്, ഈ ആക്ററിലേയോ ഏതെങ്കിലും പദ്ധതിയിലേയോ അല്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിച്ച് പ്രവർത്തിച്ചിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ, പദ്ധതിയോ അല്ലെങ്കിൽ, ഇൻഷ്വറൻസ് പദ്ധതിയോ ബാധകമാക്കപ്പെട്ടിട്ടില്ലാത്ത ഏതെങ്കിലും സ്ഥാപനത്തിന്, ഈ ആക്ററിലേയോ ഏതെങ്കിലും പദ്ധതിയിലേയോ അല്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയിലേയോ വ്യവസ്ഥകൾ ബാധകമാണോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ ഒഴിവാക്കപ്പെട്ട ഒരു സ്ഥാപനം സംബന്ധിച്ച നിയോജകൻ, ഏത് ഉപാധികൾക്ക് വിധേയമായാണോ 17-ാം വകുപ്പിൻ കീഴിൽ, ഒഴിവാക്കൽ നല്കപ്പെട്ടത്, ആ ഉപാധികൾ അനുസരിച്ചു പ്രവർത്തിക്കുന്നുണ്ടോ, എന്ന് തീരുമാനിക്കുന്നതിനുവേണ്ടിയോ—

(ക) ഒരു നിയോജകനോടോ, അല്ലെങ്കിൽ ഏതൊരു കൺട്രാക്ററിൽ നിന്നാണോ 8 ക വകുപ്പിൻകീഴിൽ ഏതെങ്കിലും തുക വസൂലാക്കാവുന്നത് അങ്ങനെയുള്ള കൺട്രാക്ററോടോ, ആവശ്യകമാണെന്ന് ഇൻസ്പെക്ടർ കരുതുന്ന വിവരം നല്കാൻ ആവശ്യപ്പെടുകയും ;

(ഖ) ന്യായമായ ഏതു സമയത്തും, യുക്തമെന്നു തോന്നുന്ന സഹായം വല്ലതും വേണമെങ്കിൽ അതോടുകൂടിയും, ഏതെങ്കിലും സ്ഥാപനത്തിലോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കെട്ടിടപരിസരങ്ങളിലോ പ്രവേശിക്കുകയും ശോധന ചെയ്യുകയും, അതിൻെറ ചാർജ്ജുള്ളതായി കാണപ്പെടുന്ന ഏതെങ്കിലും ആളോട്, ആ സ്ഥാപനത്തിൽ ആളുകളെ നിയോജിക്കുന്നതോ, കൂലികൾ കൊടുക്കുന്നതോ സംബന്ധിച്ചുള്ള ഏതെങ്കിലും കണക്കുകളും, ബുക്കുകളും, രജിസ്ററുകളും, മററു രേഖകളും പരിശോധനയ്ക്കായി തൻെറ മുമ്പാകെ ഹാജരാക്കാൻ ആവശ്യപ്പെടുകയും ;

(ഗ) മുൻപറഞ്ഞ ഏതെങ്കിലും ആവശ്യങ്ങൾക്ക് പ്രസക്തമായ ഏതെങ്കിലും വിഷയം സംബന്ധിച്ച്, നിയോജകനേയോ, ഏതൊരു കാൺട്രാക്ററിൽ നിന്നാണോ 8 ക വകുപ്പിൻ കീഴിൽ ഏതെങ്കിലും തുക വസൂലാക്കാവുന്നത്, അങ്ങനെയുള്ള കൺട്രാക്ററേയോ, അയാളുടെ ഏജൻറിനേയോ, ഭൃത്യനേയോ, അല്ലെങ്കിൽ ആ സ്ഥാപനത്തിൻെറയോ അതുമായി ബന്ധപ്പെട്ട ഏതെങ്കിലും കെട്ടിടപരിസരങ്ങളുടേയോ ചാർജ്ജുള്ളവനായി കാണപ്പെടുന്നവനോ, ഇൻസ്പെക്ടർക്ക് ആ സ്ഥാപനത്തിലെ ജോലിക്കാരനോ ജോലിക്കാരനായി ഇരുന്നിട്ടുള്ളവനോ ആണെന്ന് വിശ്വസിക്കാൻ ന്യായമായ കാരണമുള്ളവനോ ആയ മറേറതെങ്കിലും ആളേയോ വിസ്തരിക്കുകയും ;

(ഘ) ആ സ്ഥാപനം സംബന്ധിച്ചു വച്ചുപോരുന്ന ഏതെങ്കിലും ബുക്കിൻേറയോ രജിസ്ററിൻേറയോ മററു രേഖയുടേയോ പകർപ്പുകളോ, അതിൽനിന്നുള്ള എക്സ്ട്രാക്ററുകളോ എടുക്കുകയും, ഒരു നിയോജകൻ ഈ ആക്ററിൻ കീഴിലെ ഏതെങ്കിലും കുററം ചെയ്തിട്ടുള്ളതായി തനിക്ക് വിശ്വസിക്കാൻ കാരണമുള്ളിടത്ത്, അങ്ങനെയുള്ള ആ കുററം സംബന്ധിച്ച് പ്രസക്തമാണെന്ന് താൻ കരുതുന്ന ബുക്കോ രജിസ്ററോ മററു രേഖയോ അതിൻെറ ഭാഗങ്ങളോ, യുക്തമെന്നു തോന്നുന്ന സഹായത്തോടുകൂടി, പിടിച്ച് എടുക്കുകയും ;

(ങ) പദ്ധതിയോ ഇൻഷ്വറൻസ പദ്ധതിയോ വ്യവസ്ഥ ചെയ്യുന്ന മററു അധികാരങ്ങൾ പ്രയോഗിക്കുകയും,

ചെയ്യാവുന്നതാണ്.

(2ക) (1)-ാം ഉപവകുപ്പിൻകീഴിൽ നിയമിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും ഇൻസ്പെക്ററർക്ക് കുടുംബപെൻഷൻ പദ്ധതി സംബന്ധിച്ച് നല്കിയിട്ടുള്ള ഏതെങ്കിലും വിവരം ശരിയാണോ എന്നതിനെക്കുറിച്ച് അന്വേഷണ വിചാരണ ചെയ്യുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ കുടുംബ പെൻഷൻ പദ്ധതി ബാധകമാകുന്ന ഒരു സ്ഥാപനം സംബന്ധിച്ച് ഈ ആക്ററിലേയോ കുടുംബ പെൻഷൻ പദ്ധതിയിലേയോ വ്യവസ്ഥകളിൽ ഏതെങ്കിലും അനുസരിച്ചു പ്രവർത്തിച്ചിട്ടുണ്ടോ എന്ന് തിട്ടപ്പെടുത്തുന്നതിനുവേണ്ടിയോ (2)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിനോ (ഖ) ഖണ്ഡത്തിനോ (ഗ) ഖണ്ഡത്തിനോ (ഘ) ഖണ്ഡത്തിനോ കീഴിൽ നല്കിയിട്ടുള്ള എല്ലാ അധികാരങ്ങളുമോ, അവയിൽ ഏതെങ്കിലുമോ പ്രയോഗിക്കാവുന്നതാണ്.

(2ഖ) ക്രിമിനൽ നടപടി നിയമസംഹിത, 1898(1898-ലെ 5)-ലെ വ്യവസ്ഥകൾ, ആകുന്നത്ര, അതതു സംഗതിപോലെ, (2)-ാം ഉപവകുപ്പിനോ (2ക) ഉപവകുപ്പിനോ കീഴിലെ, ഏതെങ്കിലും ശോധനയ്ക്കോ പിടിച്ചെടുക്കലിനോ അവ മുൻപറഞ്ഞ നിയമസംഹിതയിലെ 98-ാം വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ഒരു വാറൻറിൻെറ പ്രാധികാരത്തിൻ കീഴിൽ നടത്തുന്ന ഏതെങ്കിലും പരിശോധനയ്ക്കോ പിടിച്ചെടുക്കലിനോ ബാധകമാകുന്നതുപോലെ ബാധകമാകുന്നതാണ്.

(3) ഏതൊരു ഇൻസ്പെക്ററും ഇൻഡ്യൻ ശിക്ഷാനിയമസംഹിത (1860-ലെ 45) 21-ാം വകുപ്പിൻെറ അർത്ഥത്തിൽ പബ്ലിക് സർവൻറ് ആയി കരുതപ്പെടുന്നതാകുന്നു.

14. ദണ്ഡനങ്ങൾ.—(1) ഈ ആക്ററിൻേറയോ പദ്ധതിയുടേയോ കുടുംബ പെൻഷൻ പദ്ധതിയുടേയോ ഇൻഷ്വറൻസ് പദ്ധതിയുടേയോ കീഴിൽ താൻ കൊടുക്കേണ്ട ഏതെങ്കിലും തുക കൊടുക്കാതെ കഴിക്കുന്നതിനുവേണ്ടിയോ, അല്ലെങ്കിൽ അങ്ങനെ കൊടുക്കാതെ കഴിക്കാൻ മറേറതെങ്കിലും ആൾക്ക് കഴിവുണ്ടാക്കുന്നതിനുവേണ്ടിയോ, ബോധപൂർവ്വം ഏതെങ്കിലും വ്യാജമായ പ്രസ്താവന ചെയ്യുകയോ ചെയ്യിക്കുകയോ, അല്ലെങ്കിൽ എന്തെങ്കിലും വ്യാജമായി ധരിപ്പിക്കുകയോ ധരിപ്പിക്കാൻ ഇടയാക്കുകയോ ചെയ്യുന്ന ഏതൊരാളും, ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ, ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

(1ക) 6-ാംവകുപ്പിലേയോ, ഇൻസ്പെക്ഷൻ ചാർജ്ജുകൾ കൊടുക്കുന്നതു സംബന്ധിച്ചിടത്തോളം 17-ാം വകുപ്പിലെ 3-ാംഉപവകുപ്പ് (ക) ഖണ്ഡത്തിലേയോ ഭരണപരമായ ചാർജ്ജുകൾ കൊടുക്കുന്നതു സംബന്ധിച്ചിടത്തോളം പദ്ധതിയുടെ 38-ാം ഖണ്ഡികയിലേയോ വ്യവസ്ഥകൾ ഉല്ലംഘിക്കുകയോ, അനുസരിച്ചു പ്രവർത്തിക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന നിയോജകൻ ആറുമാസത്തോളമാകാവുന്നതും,

എന്നാൽ—

(ക) ജോലിക്കാരുടെ കൂലിയിൽനിന്നു നിയോജകൻ കിഴിവു ചെയ്തിട്ടുള്ള ജോലിക്കാരുടെ അംശദായം കൊടുക്കുന്നതിലെ വീഴ്ചയുടെ സംഗതിയിൽ, മൂന്നു മാസത്തിൽ കുറയാത്തതായിരിക്കേണ്ടതും ;

(ഖ) മറേറതെങ്കിലും സംഗതിയിൽ, ഒരു മാസത്തിൽ കുറയാത്തതായിരിക്കേണ്ടതും ;

ആയ കാലത്തെ തടവുനല്കി ശിക്ഷിക്കപ്പെടുന്നതും, രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആകുന്നു:

എന്നാൽ, വിധിന്യായത്തിൽ റിക്കാർഡാക്കേണ്ട പര്യാപ്തവും പ്രത്യേകവുമായ ഏതെങ്കിലും കാരണങ്ങളാൽ കോടതിക്ക്, മുൻപറഞ്ഞതിലും കുറഞ്ഞ ഒരു കാലത്തേക്കുള്ള തടവുശിക്ഷാവിധിയോ അല്ലെങ്കിൽ തടവിനു പകരം പിഴമാത്രമായ ശിക്ഷാവിധിയോ ചുമത്താവുന്നതാണ്.

(1ഖ) 6ഗ വകുപ്പിലേയോ ഇൻസ്പെക്ഷൻ ചാർജ്ജുകൾ കൊടുക്കുന്നതുസംബന്ധിച്ചിടത്തോളം 17-ാംവകുപ്പ് (3ക) ഉപവകുപ്പിലെ (ക) ഖണ്ഡത്തിലേയോ, വ്യവസ്ഥകൾ ഉല്ലംഘിക്കുകയോ അനുസരിച്ചു പ്രവർത്തിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യുന്ന നിയോജകൻ, ആറു മാസത്തോളമാകാവുന്നതും എന്നാൽ ഒരു മാസത്തിൽ കുറയാത്തതായിരിക്കേണ്ടതും ആയ കാലത്തെ തടവുനല്കി ശിക്ഷിക്കപ്പെടുന്നതും കൂടാതെ രണ്ടായിരം രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആകുന്നു:

എന്നാൽ വിധിന്യായത്തിൽ റിക്കാർഡാക്കേണ്ട പര്യാപ്തവും പ്രത്യേകവുമായ ഏതെങ്കിലും കാരണങ്ങളാൽ, കോടതിക്ക്, കുറഞ്ഞ ഒരു കാലത്തേക്കുള്ള തടവുശിക്ഷാവിധിയോ അല്ലെങ്കിൽ തടവിനുപകരം പിഴമാത്രമായ ശിക്ഷാവിധിയോ ചുമത്താവുന്നതാണ്.

(2) പദ്ധതിക്കോ കുടുംബപെൻഷൻ പദ്ധതിക്കോ, ഇൻഷുറൻസ് പദ്ധതിക്കോ, അതിലെ വ്യവസ്ഥകളിൽ ഏതെങ്കിലും ഉല്ലംഘിക്കുകയോ അനുസരിച്ചുപ്രവർത്തിക്കുന്നതിന് വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതെങ്കിലും ആൾ ആറുമാസത്തോളമാകാവുന്ന കാലത്തെ തടവുശിക്ഷയോ ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാണെന്ന് വ്യവസ്ഥചെയ്യാവുന്നതും, ഇത് ഈ ആക്ററിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആണ്.

(2ക) ഈ ആക്ററിലേയോ, അല്ലെങ്കിൽ 17-ാംവകുപ്പിൻകീഴിൽ, ഏതൊരു ഉപാധിക്ക് വിധേയമായാണോ ഒഴിവാക്കൽ നല്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ള ഉപാധിയിലേയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുകയോ, അനുസരിച്ചു പ്രവർത്തിക്കുന്നതിൽ വീഴ്ചവരുത്തുകയോ ചെയ്യുന്ന ഏതൊരാളും, അങ്ങനെയുള്ള ഉല്ലംഘനത്തിനോ, അനുസരിച്ചു പ്രവർത്തിക്കാതിരിക്കലിനോ ഈ ആക്ററോ അതിൻകീഴിലോ, മറെറാരിടത്തും മററു യാതൊരു ദണ്ഡനവും വ്യവസ്ഥ ചെയ്യുന്നില്ലെങ്കിൽ, മൂന്നുമാസത്തോളമാകാവുന്ന കാലത്തേ തടവുശിക്ഷയോ, ആയിരം രൂപയോളമാകാവുന്ന പിഴശിക്ഷയോ, അല്ലെങ്കിൽ രണ്ടുംകൂടിയോ നല്കി ശിക്ഷിക്കപ്പെടുന്നതാകുന്നു.

14ക. <u>കമ്പനികളാലുള്ള കുററങ്ങൾ.</u>—(1) ഈ ആക്ററിനോ പദ്ധതിക്കോ കുടുംബപെൻഷൻ പദ്ധതിയ്ക്കോ ഇൻഷ്വറൻസ് പദ്ധതിക്കോ കീഴിൽ കുററം ചെയ്യുന്ന ആൾ കമ്പനിയാണെങ്കിൽ, കമ്പനിക്കു പുറമേ, കുററം ചെയ്ത സമയത്ത്, കമ്പനിയുടെ ബിസിനസ്സിൻെറ നടത്തിപ്പിനുവേണ്ടി കമ്പനി ... ചാർജ്ജ് ഉണ്ടായിരുന്നതും കമ്പനിയോട് ഉത്തരവാദിയായിരുന്നതുമായ

ഏതൊരാളും, ആ കുററത്തിന് അപരാധിയാണെന്നു കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാണ്:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും ആളെ, ആ കുററം ചെയ്യപ്പെട്ടത് തൻെറ അറിവുകൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുററം ചെയ്യുന്നതു തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അരഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്ററിനോ പദ്ധതിക്കോ കുടുംബപെൻഷൻ പദ്ധതിക്കോ ഇൻഷ്വറൻസ് പദ്ധതിയ്ക്കോ കീഴിലെ ഒരു കുററം ഒരു കമ്പനി ചെയ്തിരിക്കുകയും, ആ കുററം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടരുടേയോ മാനേജരുടേയോ സെക്രട്ടറിയുടേയോ മററ് ഉദ്യോഗസ്ഥൻെറയോ സമ്മതത്തോടോ മൗനാനുവാദത്തോടുകൂടി ചെയ്തിട്ടുള്ളതോ, അല്ലെങ്കിൽ അയാളുടെ ഭാഗത്തുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് കല്പ്പിക്കപ്പെടാവുന്നതോ ആണെന്ന് തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ററോ, മാനേജരോ, സെക്രട്ടറിയോ മററു ഉദ്യോഗസ്ഥനോ ആ കുററത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും, അതനുസരിച്ച് എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനായിരിക്കുന്നതുമാണ്.

വിശദീകരണം.— ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്,—

(ക) "കമ്പനി" എന്നാൽ, ഏതെങ്കിലും ഏകാംഗീകൃതനികായമെന്ന് അർത്ഥമാകുന്നതും, അതിൽ ഒരു ഫേമോ വ്യക്തികളുടെ മററു സംഘടനയോ ഉൾപ്പെടുന്നതും ;

(ഖ) "ഡയറക്ടർ" എന്നാൽ, ഒരു ഫേം സംബന്ധിച്ച്, അതിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും;

ആകുന്നു.

14-കക. <u>ചില സംഗതികളിൽ മുൻ കുററസ്ഥാപനത്തിനുശേഷമുള്ള വർദ്ധിപ്പിച്ച ശിക്ഷ.</u>—ഈ ആക്ററിനോ പദ്ധതിക്കോ കുടുംബ പെൻഷൻ പദ്ധതിക്കോ ഇൻഷ്വറൻസ് പദ്ധതിക്കോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഒരു കുററത്തിന് ഒരു കോടതിയിൽ കുററസ്ഥാപനം ചെയ്യപ്പെട്ടിരിക്കെ, അതേ കുററം ചെയ്യുന്ന ഏതൊരാളും, അങ്ങനെ പിന്നീട് ചെയ്യുന്ന ഏതൊരു കുററത്തിനും ഒരു വർഷത്തോളമാകാവുന്നതും, എന്നാൽ മൂന്നുമാസത്തിൽ കുറയാൻ പാടില്ലാത്തതുമായ കാലത്തെ തടവുശിക്ഷയ്ക്ക് വിധേയനായിരിക്കുന്നതും, നാലായിരം രൂപയോളമാകാവുന്ന പിഴശിക്ഷയ്ക്കുകൂടി അർഹനായിരിക്കുന്നതും ആണ്.

14-കഖ. <u>ചില കുററങ്ങൾ കോഗ്നൈസബിൾ ആയിരിക്കുമെന്ന്.</u>—ക്രിമിനൽ നടപടി നിയമസംഹിത 1898 (1898-ലെ 5)-ൽ എന്തുതന്നെഅടങ്ങിയിരുന്നാലും, നിയോജകൻ അംശദായം കൊടുക്കുന്നതിൽ വീഴ്ച വരുത്തുന്നതു സംബന്ധിച്ചതും, ഈ ആക്ററിൻ കീഴിൽ ശിക്ഷിക്കപ്പെടാവുന്നതുമായ കുററം കോഗ്നൈസബിൾ ആയിരിക്കുന്നതാണ്.

14 കഗ. <u>കുററം നടപടിക്കെടുക്കലും അതിൻെറ വിചാരണയും.</u>—(1) യാതൊരു കോടതിയും, ഈ ആക്ററിനോ പദ്ധതിക്കോ കുടുംബ പെൻഷൻ പദ്ധതിക്കോ ഇൻഷ്വറൻസ് പദ്ധതിയ്ക്കോ കീഴിൽ ശിക്ഷിക്കപ്പെടാവുന്ന ഏതെങ്കിലും കുററം, അങ്ങനെയുള്ള കുററത്തെ,

ആ കുററമാക്കുന്ന വസ്തുതകളെ കുറിച്ചുള്ളതും, 13-ാം വകുപ്പിൻ കീഴിൽ നിയമിക്കപ്പെടുന്ന ഇൻസ്പെക്ടർ കേന്ദ്ര പ്രാവിഡണ്ടുഫണ്ട് കമ്മീഷണറുടേയോ കേന്ദ്രഗവൺമെൻറ് ഇതിലേക്ക്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി, പ്രാധികാരപ്പെടുത്തുന്ന മററു ഉദ്യോഗസ്ഥൻേറയോ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ചെയ്യുന്നതും ആയ ലിഖിതമായ ഒരു റിപ്പോർട്ടിൻമേലൊഴികെ നടപടിക്കെടുക്കാൻ പാടുള്ളതല്ല.

(2) ഒരു പ്രസിഡൻസി മജിസ്ട്രേററിൻേറയോ ഒന്നാം ക്ലാസ്സ് മജിസ്ട്രേററിൻേറയോ കോടതിക്ക് താഴെയുള്ള യാതൊരു കോടതിയും ഈ ആക്ററിനോ പദ്ധതിക്കോ കുടുംബ പെൻഷൻ പദ്ധതിക്കോ ഇൻഷ്വറൻസ് പദ്ധതിക്കോ കീഴിലെ ഏതെങ്കിലും കുററം വിചാരണ ചെയ്യാൻ പാടുള്ളതല്ല.

14ഖ. <u>നഷ്ടപരിഹാരം വസൂലാക്കാനുള്ള അധികാരം.</u>— ഒരു നിയോജകൻ ഫണ്ടിലേയ്ക്കോ കുടുംബപെൻഷൻ ഫണ്ടിലേക്കോ ഇൻഷ്വറൻസ് നിധിയിലേക്കോ ഉള്ള ഏതെങ്കിലും അംശദായം കൊടുക്കുന്നതിലോ, 15-ാം വകുപ്പ് (2)-ാം ഉപവകുപ്പിനോ 17-ാം വകുപ്പ് (5)-ാം ഉപവകുപ്പിനോ കീഴിൽ തന്നോട് മാററാൻ ആവശ്യപ്പെടുന്ന ഈട്ടങ്ങൾ മാററുന്നതിലോ, അല്ലെങ്കിൽ ഈ ആക്ററിലെ ഏതെങ്കിലും പദ്ധതിയിലേയോ അല്ലെങ്കിൽ ഇൻഷ്വറൻസ് പദ്ധതിയിലേയോ മറേറതെങ്കിലും വ്യവസ്ഥയ്ക്ക് കീഴിലോ, 17-ാം വകുപ്പിൻകീഴിൽ വിനിർദ്ദേശിക്കുന്ന ഉപാധികളിൽ ഏതിനെങ്കിലും കീഴിലോ കൊടുക്കേണ്ട ഏതെങ്കിലും ചാർജ്ജുകൾ കൊടുക്കുന്നതിനോ വീഴ്ചവരുത്തുന്നിടത്ത്, കേന്ദ്ര പ്രാവിഡൻറ്ഫണ്ട് കമ്മീഷണർക്കോ, കേന്ദ്രഗവൺമെൻറ് ഇതിലേക്ക് ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴി, പ്രാധികാരപ്പെടുത്തുന്ന മററ് ഉദ്യോഗസ്ഥനോ നിയോജകനിൽ നിന്ന്, ചുമത്തുന്നത് യുക്തമെന്ന് തോന്നുന്നതും, കുടിശ്ശികസംഖ്യയിൽ കവിയാത്തതുമായ നഷ്ടപരിഹാരം വസൂലാക്കാവുന്നതാണ്.

എന്നാൽ, അങ്ങനെയുള്ള നഷ്ടപരിഹാരം ലെവിചെയ്യുകയും വസൂലാക്കുകയും ചെയ്യുന്നതിനുമുമ്പ്, നിയോജകന് പറയാനുള്ളതു പറയാൻ ന്യായമായ അവസരം നല്കേണ്ടതാകുന്നു.

14ഗ. <u>ഉത്തരവുകൾ പുറപ്പെടുവിക്കാൻ കോടതിക്കുള്ള അധികാരം.</u>— (1) ഒരു നിയോജകൻ, ഫണ്ടിലേക്കോ കുടുംബ പെൻസൻ ഫണ്ടിലേക്കോ ഇൻഷ്വറൻസ് നിധിയിലേക്കോ ഉള്ള ഏതെങ്കിലും അംശദായം കൊടുക്കുന്നതിലോ 15-ാം വകുപ്പ് (2) -ാം ഉപവകുപ്പിനോ 17-ാം ഉപവകുപ്പ് (5)-ാം ഉപവകുപ്പിനോ കീഴിൽ തന്നോട്, മാററാൻ ആവശ്യപ്പെടുന്ന ഈട്ടങ്ങൾ മാററുന്നതിലോ വീഴ്ചവരുത്തുന്ന ഒരു കുററത്തിന്, കുററസ്ഥാപനം ചെയ്യപ്പെടുമ്പോൾ, കോടതിക്കു ശിക്ഷ നല്കുന്നതിനു പുറമേ, അയാളോട് ലിഖിതമായ ഉത്തരവുവഴി, ഉത്തരവിൽ വിനിർദ്ദേശിക്കുന്ന കാലാവധിക്കുള്ളിൽ—(അതു കോടതിക്ക് യുക്തമെന്നു തോന്നുന്നവെങ്കിൽ അതിലേക്ക് കൊടുക്കുന്ന അപേക്ഷയിൻമേൽ അപ്പോഴപ്പോൾ നീട്ടിക്കൊടുക്കാവുന്നതാണ്)— ഏതു അംശദായമോ ഈട്ടങ്ങളോ സംബന്ധിച്ചാണോ കുററം ചെയ്യപ്പെട്ടത്, ആ അംശദായത്തിൻെറ തുക കൊടുക്കുവാനോ ഈ ഈട്ടങ്ങൾ മാററുവാനോ ആവശ്യപ്പെടാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളിടത്ത്, കോടതി അനുവദിക്കുന്ന കാലാവധിയിലോ, നീട്ടിക്കൊടുക്കുന്ന കാലാവധി വല്ലതുമുണ്ടെങ്കിൽ ആ കാലാവധിയിലോ, കുററം തുടരുന്നതു സംബന്ധിച്ച്, നിയോജകൻ ഈ ആക്ററിൻ കീഴിൽ ബാദ്ധ്യസ്ഥനായിരിക്കുന്നതല്ലാത്തതും, എന്നാൽ അതതു സംഗതിപോലെ, കാലാവധിയോ

നീട്ടിക്കൊടുത്ത കാലാവധിയോ കഴിയുന്നതിൻമേൽ, കോടതിയുടെ ഉത്തരവ് പൂർണ്ണമായി അനുസരിച്ച് പ്രവർത്തിച്ചിട്ടില്ലെങ്കിൽ, നിയോജകൻ ഒരു കൂടുതൽ കുററം ചെയ്തിട്ടുള്ളതായി കരുതപ്പെടുന്നതും, അതു സംബന്ധിച്ച് 14-ാം വകുപ്പിൻ കീഴിൽ തടവിന് ശിക്ഷിക്കപ്പെടുന്നതും, അങ്ങനെ കാലാവധി കഴിഞ്ഞതിനുശേഷം ഉത്തരവ് അനുസരിച്ച് പ്രവർത്തിച്ചിട്ടില്ലാത്ത ഓരോ ദിവസത്തിനും നൂറുരൂപയോളമാകാവുന്ന പിഴ ശിക്ഷക്ക് കൂടി അർഹനാകുന്നതും ആണ്.

15. നിലവിലുള്ള പ്രാവിഡൻറ് ഫണ്ടുകൾ സംബന്ധിച്ച പ്രത്യേക വ്യവസ്ഥകൾ.—(1) ഈ ആക്ററ് ബാധകമാകുന്ന ഒരു സ്ഥാപനത്തിൻെറ ഏതെങ്കിലും പ്രാവിഡൻറ് ഫണ്ടിലെ വരിക്കാരനായ ഏതൊരു ജോലിക്കാരനും, അയാൾ നിയോജിക്കപ്പെട്ടിട്ടുള്ള സ്ഥാപനത്തിന് ഒരു പദ്ധതി ബാധകമാക്കുന്നതുവരെ, ആ പ്രാവിഡൻറ് ഫണ്ടിന് കീഴിൽ അയാൾക്ക് സിദ്ധിക്കുന്ന ആനുകൂല്യങ്ങൾക്ക് തുടർന്നു അവകാശമുണ്ടായിരിക്കുന്നതും, ആ പ്രാവിഡൻറ് ഫണ്ട്, ഈ ആക്ററ് പാസ്സാക്കിയിട്ടുണ്ടായിരുന്നില്ലെങ്കിൽ എന്നപോലെയുള്ള അതേ രീതിയിലും അതേ ഉപാധികൾക്ക് വിധേയമായും തുടർന്നു വച്ചുപോരേണ്ടതും, ഇത് 17-ാം വകുപ്പിലെ വ്യവസ്ഥകൾക്കു വിധേയമായിരിക്കുന്നതും ആണ്.

(2) ഒരു സ്ഥാപനത്തിന്, ഏതെങ്കിലും പദ്ധതി ബാധകമാക്കുന്നതിൻമേൽ, ആ സ്ഥാപനത്തിൻെറ ഏതെങ്കിലും പ്രാവിഡൻറ് ഫണ്ടിൽ ആ പദ്ധതിക്കു കീഴിൽ സ്ഥാപിക്കപ്പെടുന്ന ഫണ്ടിൻെറ അംഗങ്ങൾ ആയിത്തീരുന്ന ജോലിക്കാരുടെ വരവു കണക്കിൽ നില്ക്കുന്ന ഈട്ടങ്ങൾ, തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിലോ അല്ലെങ്കിൽ ആ പ്രാവിഡൻറ് ഫണ്ട് സ്ഥാപിക്കുന്ന ഏതെങ്കിലും പ്രമാണത്തിലോ മററു രേഖയിലോ വിപരീതമായി എന്തുതന്നെ അടങ്ങിയിരുന്നാലും, എന്നാൽ ആ പദ്ധതിയിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ, വല്ലതും ഉണ്ടെങ്കിൽ അവയ്ക്ക് വിധേയമായും, ആ പദ്ധതിക്കു കീഴിൽ സ്ഥാപിക്കപ്പെടുന്ന ഫണ്ടിലേക്ക് മാററേണ്ടതും, ആ ഫണ്ടിൽ അവയ്ക്കു അവകാശപ്പെട്ട ജോലിക്കാരുടെ കണക്കുകളിൽ വരവുവയ്ക്കേണ്ടതുമാകുന്നു.

16. ആക്ററ് ചില സ്ഥാപനങ്ങൾക്കു ബാധകമാകുന്നതല്ലെന്ന്.—(1) ഈ ആക്ററ്—

(ക) സഹകരണസംഘം ആക്ററ്, 1912–ൻ കീഴിലോ, അല്ലെങ്കിൽ സഹകരണസംഘങ്ങൾ സംബന്ധിച്ച് ഏതെങ്കിലും സ്റേററിൽ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിൻകീഴിലോ രജിസ്ററർ ചെയ്യപ്പെട്ടിട്ടുള്ളതും അൻപതിൽ കുറവായത്ര ആളുകൾ നിയോജിക്കപ്പെടുന്നതും, യന്ത്രശക്തിയുടെ സഹായം കൂടാതെ പ്രവർത്തിക്കുന്നതുമായ ഏതെങ്കിലും സ്ഥാപനത്തിനോ;

(ഖ) അൻപതോ അതിലധികമോ ആളുകളോ അല്ലെങ്കിൽ ഇരുപതോ അതിലധികമോ എന്നാൽ അൻപതിൽ കുറവായത്ര ആളുകളോ നിയോജിക്കപ്പെടുന്ന മറേറതെങ്കിലും സ്ഥാപനത്തിനോ—സ്ഥാപനം ഏർപ്പെടുത്തുന്നതോ ഏർപ്പെടുത്തിയിട്ടുള്ളതോ ആയ തീയതി മുതൽ ആദ്യത്തെ സംഗതിയിൽ മൂന്നുവർഷം കഴിയുന്നതുവരേയും രണ്ടാമത്തെ സംഗതിയിൽ അഞ്ചുവർഷം കഴിയുന്നതുവരേയും,

ബാധകമാകുന്നതല്ല.

വിശദീകരണം.— ഒരു സ്ഥാപനത്തിന്റെ സ്ഥാനത്തിനുള്ള മാററം കാരണമായി മാത്രം അതു പുതുതായി ഏർപ്പെടുത്തിയതായി കരുതപ്പെടുന്നതല്ലെന്ന് സംശയങ്ങൾ നീക്കാനായി ഇതിനാൽ പ്രഖ്യാപിച്ചിരിക്കുന്നു.

(2) ഏതെങ്കിലും തരം സ്ഥാപനങ്ങളുടെ ധനസ്ഥിതിയോ, സംഗതിയുടെ മററു പരിതഃസ്ഥിതികളോ പരിഗണിച്ച്, ഔദ്യോഗികഗസററിൽ വിജ്ഞാപനംവഴിയും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന കാലത്തേയ്ക്ക്, ആ തരം സ്ഥാപനങ്ങളെ ഈ ആക്ററിന്റെ പ്രവർത്തനത്തിൽ നിന്ന് ഒഴിവാക്കുന്നത് ആവശ്യകമോ സമീചീനമോ ആണെന്ന് കേന്ദ്രഗവൺമെൻറിന് അഭിപ്രായമുണ്ടെങ്കിൽ, അതിന് അപ്രകാരം ചെയ്യാവുന്നതാണ്.

17. ഒഴിവാക്കാനുള്ള അധികാരം.— (1) സമുചിതഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, ഏതെങ്കിലും പദ്ധതിയിലെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിന്റേയെങ്കിലുമോ പ്രവർത്തനത്തിൽനിന്ന്—

(ക) ഈ ആക്ററ് ബാധകമാകുന്ന ഏതെങ്കിലും സ്ഥാപനത്തെ സമുചിത ഗവൺമെൻറിന്റെ അഭിപ്രായത്തിൽ, ആ സ്ഥാപനത്തിന്റെ പ്രാവിഡൻറ് ഫണ്ടിന്റെ അംശദായനിരക്കുകൾ സംബന്ധിച്ചു ചട്ടങ്ങൾ 6-ാം വകുപ്പിൽ വിനിർദ്ദേശിക്കുന്നവയേക്കാൾ ആനുകൂല്യം കുറഞ്ഞവ അല്ലാതിരിക്കുകയും, കൂടാതെ ജോലിക്കാർ ഈ ആക്ററിനോ സദൃശസ്വഭാവമുള്ള മറേറതെങ്കിലും സ്ഥാപനത്തിലെ ജോലിക്കാരെ സംബന്ധിച്ച ഏതെങ്കിലും പദ്ധതിക്കോ കീഴിൽ നല്കുന്ന ആനുകൂല്യങ്ങളേക്കാൾ മൊത്തത്തിൽ ജോലിക്കാർക്ക് ആനുകൂല്യം കുറഞ്ഞവയല്ലാത്ത മററു പ്രാവിഡൻറ് ഫണ്ട് ആനുകൂല്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുവെങ്കിലോ ; അല്ലെങ്കിൽ

(ഖ) ഏതെങ്കിലും സ്ഥാപനത്തെ അങ്ങനെയുള്ള സ്ഥാപനത്തിലെ ജോലിക്കാർ പ്രാവിഡൻറ് ഫണ്ടിന്റേയോ പെൻഷന്റേയോ ഗ്രാററുവിററിയുടേയോ പ്രകൃതത്തിലുള്ള ആനുകൂല്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും, അങ്ങനെയുള്ള ആനുകൂല്യങ്ങൾ അങ്ങനെയുള്ള ജോലിക്കാർക്ക് വെവ്വേറെയായോ കൂട്ടായോ മൊത്തത്തിൽ ഈ ആക്ററിനോ സദൃശസ്വഭാവമുള്ള മററു ഏതെങ്കിലും സ്ഥാപനത്തിലെ ജോലിക്കാരെ സംബന്ധിച്ച ഏതെങ്കിലും പദ്ധതിയ്ക്കോ കീഴിൽ നല്കുന്ന ആനുകൂല്യങ്ങളേക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലെന്ന്, സമുചിത ഗവൺമെൻറിന് അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിലോ ;

ഒഴിവാക്കാവുന്നതാണ്.

(1ക) കേന്ദ്രഗവൺമെൻറിന്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും, കുടുംബ പെൻഷൻ പദ്ധതിയിലെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിന്റേയെങ്കിലുമോ പ്രവർത്തനത്തിൽ നിന്ന് ഏതെങ്കിലും സ്ഥാപനത്തെ, അതിലെ ജോലിക്കാർ കുടുംബ പെൻഷന്റെ പ്രകൃതത്തിലുള്ള ആനുകൂല്യങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും, അങ്ങനെയുള്ള ആനുകൂല്യങ്ങൾ, അങ്ങനെയുള്ള ജോലിക്കാർക്ക് വെവ്വേറെയായോ കൂട്ടായോ മൊത്തത്തിൽ ഈ ആക്ററിനോ സദൃശസ്വഭാവമുള്ള മറേറതെങ്കിലും സ്ഥാപനത്തിലെ ജോലിക്കാരെ സംബന്ധിച്ച കുടുംബ പെൻഷൻ പദ്ധതിക്കോ

കീഴിൽ നല്കുന്ന ആനുകൂല്യങ്ങളെക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലെന്നു കേന്ദ്രഗവൺമെൻറിനു അഭിപ്രായമുണ്ടായിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ഒഴിവാക്കാവുന്നതാണ്.

(2) ഏതെങ്കിലും പദ്ധതിക്ക്, അതു ബാധകമാകുന്ന ഏതെങ്കിലും സ്ഥാപനത്തിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആളേയോ തരം ആളുകളേയോ, അങ്ങനെയുള്ള ആൾക്കോ തരം ആളുകൾക്കോ പ്രാവിഡൻറ് ഫണ്ടിൻേറയോ ഗ്രാററുവിററിയുടേയോ വാർദ്ധക്യകാല പെൻഷൻേറയോ പ്രകൃതത്തിലുള്ള ആനുകൂല്യങ്ങൾക്ക് അവകാശമുണ്ടായിരിക്കുകയും, അങ്ങനെയുള്ള ആനുകൂല്യങ്ങൾ വെവ്വേറെയായോ കൂട്ടായോ, മൊത്തത്തിൽ ഈ ആക്ററിന്നോ പദ്ധതിയ്ക്കോ കീഴിൽ നല്കുന്ന ആനുകൂല്യങ്ങളേക്കാൾ ആനുകൂല്യം കുറഞ്ഞവയല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, പദ്ധതിയുടെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽനിന്ന് ഒഴിവാക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഏതെങ്കിലും തരം ആളുകളെ സംബന്ധിച്ച്, ആ തരത്തിൽപ്പെട്ട ആളുകളുടെ ഭൂരിപക്ഷം ആളുകൾക്കും അങ്ങനെയുള്ള ഗുണങ്ങൾക്ക് തുടർന്ന അവകാശമുണ്ടായിരിക്കാൻ ആഗ്രഹിക്കുന്നുവെന്ന് സമുചിത ഗവൺമെൻറിന് അഭിപ്രായമില്ലാത്തപക്ഷം, അങ്ങനെയുള്ള യാതൊരു ഒഴിവാക്കലും നല്കാൻ പാടുള്ളതല്ല.

(2ക) ഏതെങ്കിലും സ്ഥാപനത്തെ ഇൻഷ്വറൻസ് പദ്ധതിയുടെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽ നിന്നു ഒഴിവാക്കാൻ നിയോജകൻ അഭ്യർത്ഥിക്കുകയും അങ്ങനെയുള്ള സ്ഥാപനത്തിലെ ജോലിക്കാർ ഏതെങ്കിലും വേറിട്ടുള്ള അംശദായം നല്കാതേയോ പ്രീമിയം കൊടുക്കാതേയോ ലൈഫ് ഇൻഷ്വറൻസിൻെറ പ്രകൃതത്തിലുള്ള ആനുകൂല്യങ്ങൾ, അവ പ്രാവിഡൻറ് ഫണ്ടിലുള്ള അവരുടെ നിക്ഷേപങ്ങളോടു അനുബദ്ധമായിരുന്നാലും ഇല്ലെങ്കിലും, അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്നും അങ്ങനെയുള്ള ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് പദ്ധതിക്കു കീഴിൽ അനുവദനീയമായ ആനുകൂല്യങ്ങളെക്കാൾ അങ്ങനെയുള്ള ജോലിക്കാർക്ക് കൂടുതൽ ആനുകൂല്യമുള്ളവയാണെന്നും കേന്ദ്ര ഗവൺമെൻറിന് ബോദ്ധ്യമാകുകയും ചെയ്യുന്നുവെങ്കിൽ, കേന്ദ്ര ഗവൺമെൻറിന് ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴിയും വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്ന ഉപാധികൾക്ക് വിധേയമായും അപ്രകാരം ഒഴിവാക്കാവുന്നതാണ്.

(2ഖ) (2ക) ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് ഭംഗം വരാതെ, ഇൻഷ്വറൻസ് പദ്ധതിക്ക്, ഏതെങ്കിലും സ്ഥാപനത്തിൽ നിയോജിക്കപ്പെടുന്നതും ആ പദ്ധതിയിൽപ്പെടുന്നതും ആയ ഏതെങ്കിലും ആളെയോ തരം ആളുകളേയോ അങ്ങനെയുള്ള ആൾക്കോ തരം ആളുകൾക്കോ അനുവദനീയമായ ലൈഫ് ഇൻഷ്വറൻസിൻെറ പ്രകൃതത്തിലുള്ള ആനുകൂല്യങ്ങൾ ഇൻഷ്വറൻസ് പദ്ധതിക്ക് കീഴിൽ നല്കപ്പെടുന്ന ആനുകൂല്യങ്ങളെക്കാൾ കൂടുതൽ ആനുകൂല്യമുള്ളവയാണെങ്കിൽ ആ പദ്ധതിയുടെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽ നിന്നു ഒഴിവാക്കാൻ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആളേയോ തരം ആളുകളേയോ സംബന്ധിച്ച് ഏതെങ്കിലും പദ്ധതിയിലെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽ നിന്ന് ഈ വകുപ്പിൻ കീഴിൽ ഒഴിവാക്കൽ നല്കുന്നിടത്ത്, (അങ്ങനെയുള്ള ഒഴിവാക്കൽ നല്കിയിട്ടുള്ളത്, അങ്ങനെയുള്ള ആളോ തരം ആളുകളോ നിയോജിക്കപ്പെടുന്ന സ്ഥാപനത്തിനോ, അല്ലെങ്കിൽ അങ്ങനെയുള്ള ആൾക്കോ തരം

ആളുകൾക്കോ ആ നിലയിലോ ആയാലും) അങ്ങനെയുള്ള സ്ഥാപനം സംബന്ധിച്ച നിയോജകൻ —

(ക) അങ്ങനെയുള്ള ഏതെങ്കിലും ആൾക്കോ തരം ആളുകൾക്കോ അവകാശപ്പെട്ട ഏതെങ്കിലും പ്രാവിഡൻറ് ഫണ്ടും, പെൻഷനും, ഗ്രാററുവിററിയും സംബന്ധിച്ച്, കേന്ദ്രഗവൺമെൻറ് നിദേശിക്കുന്ന കണക്കുകൾ വച്ചുപോരുകയും റിട്ടേണുകൾ സമർപ്പിക്കുകയും, നിക്ഷേപം ചെയ്യുകയും പരിശോധനക്കുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും ഇൻസ്പെക്ഷൻ ചാർജുകൾ കൊടുക്കുകയും ചെയ്യേണ്ടതും ;

(ഖ) ഒഴിവാക്കലിനുശേഷം ഏതെങ്കിലും സമയത്ത്, അങ്ങനെയുള്ള ഏതെങ്കിലും ആൾക്കോ തരം ആളുകൾക്കോ ഒഴിവാക്കൽ സമയത്ത് അവകാശമുണ്ടായിരുന്നതും പെൻഷൻേറയോ, ഗ്രാററുവിററിയുടേയോ പ്രാവിഡൻറ് ഫണ്ടിൻേറയോ പ്രകൃതത്തിലുള്ളതുമായ ആനുകൂല്യങ്ങളുടെ ഒട്ടാകെയുള്ള പരിമാണം കേന്ദ്രഗവൺമെൻറിൻെറ അനുവാദം കൂടാതെ കുറയ്ക്കാൻ പാടില്ലാത്തതും ;

(ഗ) അങ്ങനെയുള്ള ഏതെങ്കിലും ആൾ, അയാളുടെ നിയോജനം വിടുകയും, ഈ ആക്ററ് ബാധകമാകുന്ന മറെറാരു സ്ഥാപനത്തിൽ അയാൾക്ക് പുനർ നിയോജനം ലഭിക്കുകയും ചെയ്യുന്നിടത്ത്, അയാൾ വിട്ടുപോന്ന സ്ഥാപനത്തിൻെറ പ്രാവിഡൻറ് ഫണ്ടിൽ അയാളുടെ വരവു കണക്കിലുള്ള ഈടുങ്ങളുടെ തുക, അതതു സംഗതി പോലെ, അയാൾക്ക് പുനർ:നിയോജനം ലഭിക്കുന്ന സ്ഥാപനത്തിലെ പ്രാവിഡൻറ് ഫണ്ടിലോ അല്ലെങ്കിൽ, ആ സ്ഥാപനത്തിന് ബാധകമാകുന്ന പദ്ധതിയ്ക്കു കീഴിൽ സ്ഥാപിക്കപ്പെടുന്ന ഫണ്ടിലോ ഉള്ള അയാളുടെ അക്കൗണ്ടിലെ വരവുകണക്കിലേയ്ക്ക് കേന്ദ്രഗവൺമെൻറ് ഇതിലേയ്ക്ക് വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ മാറേറണ്ടതും,

ആകുന്നു.

(3ക) ഏതെങ്കിലും സ്ഥാപനത്തിൽ നിയോജിക്കപ്പെടുന്ന ഏതെങ്കിലും ആളേയോ തരം ആളുകളേയോ സംബന്ധിച്ച്, ഇൻഷ്വറൻസ് പദ്ധതിയിലെ എല്ലാ വ്യവസ്ഥകളുടേയുമോ അവയിൽ ഏതിൻേറയെങ്കിലുമോ പ്രവർത്തനത്തിൽ നിന്നു (2ക) ഉപവകുപ്പിനോ, (2ഖ) ഉപവകുപ്പിനോ കീഴിൽ ഒഴിവാക്കൽ നല്കുന്നിടത്ത്, (അങ്ങനെയുള്ള ഒഴിവാക്കൽ നല്കിയിട്ടുള്ളത് അങ്ങനെയുള്ള ആളോ തരം ആളുകളോ നിയോജിക്കപ്പെടുന്ന സ്ഥാപനത്തിനോ അല്ലെങ്കിൽ അങ്ങനെയുള്ള ആൾക്കോ തരം ആളുകൾക്കോ ആ നിലയിലോ ആയാലും), അങ്ങനെയുള്ള സ്ഥാപനം സംബന്ധിച്ച നിയോജകൻ,

(ക) അങ്ങനെയുള്ള ഏതെങ്കിലും ആൾക്കോ തരം ആളുകൾക്കോ അവകാശപ്പെട്ട ലൈഫ് ഇൻഷ്വറൻസിൻെറ പ്രകൃതത്തിലുള്ള ആനുകൂല്യങ്ങളോ അല്ലെങ്കിൽ ഏതെങ്കിലും ഇൻഷ്വറൻസ് നിധിയോ സംബന്ധിച്ച് കേന്ദ്രഗവൺമെൻറ് നിദേശിക്കുന്ന കണക്കുകൾ വച്ചു പോരുകയും റിട്ടേണുകൾ സമർപ്പിക്കുകയും, നിക്ഷേപങ്ങൾ ചെയ്യുകയും പരിശോധനയ്ക്കുള്ള സൗകര്യങ്ങൾ ചെയ്തുകൊടുക്കുകയും, ഇൻസ്പെക്ഷൻ ചാർജുകൾ കൊടുക്കുകയും ചെയ്യേണ്ടതും ;

(ഖ) ഒഴിവാക്കലിനുശേഷം ഏതെങ്കിലും സമയത്ത്, അങ്ങനെയുള്ള ഏതെങ്കിലും ആൾക്കോ തരം ആളുകൾക്കോ ഒഴിവാക്കലിൻെറ തീയതിക്കു തൊട്ടു മുമ്പ് അവകാശമുണ്ടായിരുന്നതും ലൈഫ് ഇൻഷ്വറൻസിൻെറ പ്രകൃതത്തിലുള്ളതുമായ ആനുകൂല്യങ്ങളുടെ ഒട്ടാകെയുള്ള പരിമാണം കേന്ദ്രഗവൺമെൻറിൻെറ അനുവാദം കൂടാതെ, കുറയ്ക്കാൻ പാടില്ലാത്തതും ;

(ഗ) അങ്ങനെയുള്ള ഏതെങ്കിലും ആൾ അയാളുടെ നിയോജനം വിടുകയും, ഈ ആക്റ്റ് ബാധകമാകുന്ന മറേറതെങ്കിലും സ്ഥാപനത്തിൽ അയാൾക്ക് പുനർനിയോജനം ലഭിക്കുകയും ചെയ്യുന്നിടത്ത്, അയാൾ വിട്ടുപോന്ന സ്ഥാപനത്തിൻെറ ഇൻഷ്വറൻസ് നിധിയിൽ അയാളുടെ വരവു കണക്കിലുള്ള ഈട്ടങ്ങളുടെ തുക അതതു സംഗതിപോലെ അയാൾക്ക് പുനർനിയോജനം ലഭിക്കുന്ന സ്ഥാപനത്തിലെ ഇൻഷ്വറൻസ് നിധിയിലോ അല്ലെങ്കിൽ, നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് നിധിയിലോ ഉള്ള അയാളുടെ അക്കൗണ്ടിലെ അയാളുടെ വരവ് കണക്കിലേക്ക് കേന്ദ്രഗവൺമെൻറ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ മാറേറണ്ടതും,

ആകുന്നു.

(4) ഈ വകുപ്പിന്‍കീഴിൽ നല്കപ്പെടുന്ന ഏതെങ്കിലും ഒഴിവാക്കൽ, അതു നല്കിയ അധികാരസ്ഥാനത്തിന്, നിയോജകൻ—

(ക) (1)-ാം ഉപവകുപ്പിൻകീഴിൽ നല്കപ്പെടുന്ന ഒഴിവാക്കലിൻെറ സംഗതിയിൽ, ആ ഉപവകുപ്പിൻകീഴിൽ ചുമത്തുന്ന ഉപാധികളിൽ ഏതെങ്കിലുമോ (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ ;

(കക), (1ക) ഉപവകുപ്പിൻകീഴിൽ നല്കപ്പെടുന്ന ഒഴിവാക്കലിൻെറ സംഗതിയിൽ, ആ വകുപ്പിൻകീഴിൽ ചുമത്തുന്ന ഉപാധികളിൽ ഏതെങ്കിലുമോ ;

(ഖ) (2)-ാം ഉപവകുപ്പിൻകീഴിൽ നല്കപ്പെടുന്ന ഒഴിവാക്കലിൻെറ സംഗതിയിൽ, (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ,

(ഗ) (2 ക) ഉപവകുപ്പിൻകീഴിൽ, നല്കപ്പെടുന്ന ഒഴിവാക്കലിൻെറ സംഗതിയിൽ, ആ ഉപവകുപ്പിൻ കീഴിൽ ചുമത്തുന്ന ഉപാധികളിൽ ഏതെങ്കിലുമോ (3 ക) ഉപവകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ ;

(ഘ) (2 ഖ) ഉപവകുപ്പിനുകീഴിൽ നല്കപ്പെടുന്ന ഒഴിവാക്കലിൻെറ സംഗതിയിൽ (3 ക) ഉപവകുപ്പിലെ വ്യവസ്ഥകളിൽ ഏതെങ്കിലുമോ ;

അനുസരിച്ചു പ്രവർത്തിക്കാതിരിക്കുന്നുവെങ്കിൽ, ലിഖിതമായ ഉത്തരവു വഴി, റദ്ദാക്കാവുന്നതാണ്.

(5) (1)-ാം ഉപവകുപ്പിനോ (1 ക) ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ (2 ക) ഉപവകുപ്പിനോ, (2 ഖ) ഉപവകുപ്പിനോ കീഴിൽ നല്കപ്പെടുന്ന ഏതെങ്കിലും ഒഴിവാക്കൽ റദ്ദാക്കുന്നിടത്ത്, അങ്ങനെയുള്ള ഒഴിവാക്കൽ ബാധകമായിട്ടുള്ള ഏതൊരു ജോലിക്കാരൻേറയും വരവു കണക്കിൽ അയാൾ നിയോജിക്കപ്പെട്ടിട്ടുള്ള സ്ഥാപനത്തിലെ പ്രാവിഡൻറ് ഫണ്ടിലോ കുടുംബപെൻഷൻ ഫണ്ടിലോ ഇൻഷ്വറൻസ് നിധിയിലോ ഉള്ള ഈട്ടങ്ങളുടെ തുക, പദ്ധതിയിലോ കുടുംബപെൻഷൻ പദ്ധതിയിലോ ഇൻഷ്വറൻസ് പദ്ധതിയിലോ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിലും രീതിയിലും അതതു സംഗതിപോലെ, ഫണ്ടിലേയോ കുടുംബപെൻഷൻ ഫണ്ടിലേയോ ഇൻഷ്വറൻസ് നിധിയിലേയോ അയാളുടെ അക്കൗണ്ടിലെ വരവുകണക്കിലേക്കു മാററപ്പെടേണ്ടതാകുന്നു.

(6) ഒരു ഒഴിവാക്കപ്പെട്ട സ്ഥാപനത്തിൻേറയോ, കുടുംബപെൻഷന പദ്ധതിയിലെ വ്യവസ്ഥകൾ ബാധകമാകുന്ന ഒരു സ്ഥാപനത്തിലെ ഒഴിവാക്കപ്പെട്ട ജോലിക്കാരൻേറയോ നിയോജകൻ, (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ, ഏതെങ്കിലും ഒഴിവാക്കൽ നല്കപ്പെട്ടിട്ടുണ്ടെന്നിരുന്നാലും, അതിൻെറ പ്രാവിഡൻറ് ഫണ്ടിലേക്കുള്ള നിയോജകൻെറ അംശാദായത്തിൻെറയും ജോലിക്കാരൻെറ അംശാദായത്തിൻേറയും കുടുംബ പെൻഷൻ പദ്ധതിയിൽ വിനിർദ്ദേശിക്കുന്നത്ര ഭാഗം അതിൽ വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിലും രീതിയിലും കുടുംബപെൻഷൻ ഫണ്ടിലേക്ക് കൊടുക്കേണ്ടതും, അത് (1 ക) ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കുന്നതും ആകുന്നു.

17 ക. <u>അക്കൗണ്ടുകൾ മാററുന്നത്.</u>—(1) ഈ ആക്റ്റ് ബാധകമാകുന്ന ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഒരു ജോലിക്കാരൻ, തന്റെ നിയോജനം വിടുകയും, ഈ ആക്റ്റ് ബാധകമാകാത്ത മററൊരു സ്ഥാപനത്തിൽ അയാൾക്ക് പുനർനിയോജനം ലഭിക്കുകയും ചെയ്യുന്നിടത്ത്, അതതു സംഗതിപോലെ, ഫണ്ടിലേയോ അയാൾ വിട്ടുപോകുന്ന സ്ഥാപനത്തിന്റെ പ്രാവിഡന്റ് ഫണ്ടിലേയോ, അങ്ങനെയുള്ള ജോലിക്കാരന്റെ വരവ് കണക്കിലെ ഈട്ടങ്ങളുടെ തുക, തനിക്ക് പുനർ:നിയോജനം ലഭിച്ച സ്ഥാപനത്തിന്റെ പ്രാവിഡന്റ് ഫണ്ടിലെ തന്റെ അക്കൗണ്ടിലെ വരവുകണക്കിലേക്ക് മാററണമെന്നു ആ ജോലിക്കാരൻ ആഗ്രഹിക്കുകയും, ആ പ്രാവിഡന്റ്ഫണ്ട് സംബന്ധിച്ച ചട്ടങ്ങൾ, അങ്ങനെയുള്ള മാററം അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, കേന്ദ്രഗവൺമെന്റ് ഇതിലേക്ക് വിനിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ അപ്രകാരം മാററപ്പെടേണ്ടതാകുന്നു.

(2) ഈ ആക്റ്റ് ബാധകമാകാത്ത ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ഒരു ജോലിക്കാരൻ, തന്റെ നിയോജനം വിടുകയും, ഈ ആക്റ്റ് ബാധകമാകുന്ന മററൊരു സ്ഥാപനത്തിൽ അയാൾക്കു പുനർ നിയോജനം ലഭിക്കുകയും ചെയ്യുന്നിടത്ത്, അയാൾ വിട്ടുപോകുന്ന സ്ഥാപനത്തിന്റെ പ്രാവിഡന്റ്ഫണ്ടിലെ, അയാളുടെ വരവുകണക്കിലെ ഈട്ടങ്ങളുടെ തുക, അതതുസംഗതിപോലെ ഫണ്ടിലേയോ പുനർനിയോജനം ലഭിച്ച സ്ഥാപനത്തിന്റെ പ്രാവിഡന്റുഫണ്ടിലേയോ തന്റെ അക്കൗണ്ടിലെ വരവുകണക്കിലേയ്ക്ക് മാററണമെന്ന് ആ ജോലിക്കാരൻ ആഗ്രഹിക്കുകയും, ആ പ്രാവിഡന്റ്ഫണ്ടു സംബന്ധിച്ച ചട്ടങ്ങൾ അനുവദിക്കുകയും ചെയ്യുന്നുവെങ്കിൽ, അപ്രകാരം മാററപ്പെടാവുന്നതാണ്.

17 കക. <u>ആക്റ്റിനു, 1956-ലെ 31-ാം ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പ്രഭാവമുണ്ടായിരിക്കുമെന്ന്.</u>—ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് അവയോടു അസംഗതമായി ലൈഫ് ഇൻഷ്വറൻസ് കാർപ്പറേഷൻ ആക്റ്റ്, 1956 (1955-ലെ 31)-ൽ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രഭാവം ഉണ്ടായിരിക്കുന്നതാണ്.

17 ഖ. <u>സ്ഥാപനം കൈമാററം ചെയ്യുന്ന സംഗതിയിലെ ബാദ്ധ്യത.</u>—ഒരു സ്ഥാപനം സംബന്ധിച്ച നിയോജകൻ, ആ സ്ഥാപനം പൂർണ്ണമായോ ഭാഗികമായോ, വില്പനയോ ദാനമോ പാട്ടം (വാടക) ഏല്പോ ലൈസൻസോ വഴിയോ, അല്ലെങ്കിൽ മറേറതെങ്കിലും രീതിയിലോ, അത് ഏതായാലും, കൈമാററം ചെയ്യുന്നിടത്ത്, നിയോജകനും, ആ സ്ഥാപനം അപ്രകാരം കൈമാററം ചെയ്യപ്പെട്ട ആളും അങ്ങനെയുള്ള കൈമാററത്തിന്റെ തീയതിവരെയുള്ള കാലം സംബന്ധിച്ച്, അതതു സംഗതിപോലെ, ഈ ആക്റ്റിലേയോ പദ്ധതിയിലേയോ കുടുംബ പെൻഷൻ പദ്ധതിയിലേയോ ഇൻഷ്വറൻസ് പദ്ധതിയിലേയോ ഏതെങ്കിലും വ്യവസ്ഥക്ക് കീഴിൽ നിയോജകനിൽ നിന്ന് കിട്ടാനുള്ള അംശാദായവും മററു തുകകളും കൊടുക്കാൻ, കൂട്ടായും വെവ്വേറെയായും, ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്:

എന്നാൽ, കൈമാററം ചെയ്യപ്പെട്ട ആളുടെ ബാദ്ധ്യത അയാൾക്ക്, അങ്ങനെയുള്ള കൈമാററംവഴി ലഭിച്ച ആസ്തികളുടെ മൂല്യത്തോളമായി ക്ലിപ്തപ്പെട്ടിരിക്കുന്നതാണ്.

18. <u>ഉത്തമവിശ്വാസപൂർവ്വം ചെയ്യുന്ന കൃത്യങ്ങൾക്ക് സംരക്ഷണം.</u>—ഈ ആക്റ്റിനോ പദ്ധതിക്കോ കുടുംബപെൻഷൻ പദ്ധതിക്കോ ഇൻഷ്വറൻസ് പദ്ധതിക്കോ കീഴിൽ ഉത്തമവിശ്വാസപൂർവ്വംചെയ്തതോ ചെയ്യാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഒരു ഇൻസ്പെക്റ്റർക്കോ മറേറതെങ്കിലും ആൾക്കോ എതിരായി യാതൊരു വ്യവഹാരവും അല്ലെങ്കിൽ മററു നിയമ നടപടിയും നിലനില്ക്കുന്നതല്ല.

19. അധികാരങ്ങളുടെ പ്രത്യായോജനം.—സമുചിത ഗവൺമെൻറിന്, ഈ ആക്ററിനോ പദ്ധതിക്കോ കുടുംബ പെൻഷൻ പദ്ധതിക്കോ ഇൻഷ്വറൻസ് പദ്ധതിക്കോ കീഴിൽ, അതിന് പ്രയോഗിക്കാവുന്ന ഏതെങ്കിലും അധികാരമോ, പ്രാധികാരമോ അധികാരിതയോ, വിനിർദ്ദേശിക്കുന്ന വിഷയങ്ങരം സംബന്ധിച്ചും, ഉപാധികരം വല്ലതും ഉണ്ടെങ്കിൽ, അവയ്ക്ക് വിധേയമായും—

(ക) സമുചിതഗവൺമെൻറ്, കേന്ദ്രഗവൺമെൻറ് ആയിരിക്കുന്നിടത്ത്, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും കേന്ദ്രഗവൺമെൻറിന് കീഴിലുള്ളതുമായ ഉദ്യോഗസ്ഥനാലോ അധികാരസ്ഥാനത്താലോ അല്ലെങ്കിൽ സ്ററററ്ഗവൺമെൻറിനാലോ, അല്ലെങ്കിൽ വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും സ്ററററ്ഗവൺമെൻറിന് കീഴിലുള്ളതുമായ ഉദ്യോഗസ്ഥനാലോ അധികാരസ്ഥാനത്താലോ കൂടിയും;

(ഖ) സമുചിതഗവൺമെൻറ്, സ്ററററ് ഗവൺമെൻറ് ആയിരിക്കുന്നിടത്ത്, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കുന്നതും, സ്ററററ് ഗവൺമെൻറിന് കീഴിലുള്ളതുമായ ഉദ്യോഗസ്ഥനാലോ അധികാരസ്ഥാനത്താലോ കൂടിയും;

പ്രയോഗിക്കപ്പെടാവുന്നതായിരിക്കുന്നതാണെന്നു നിദേശിക്കാവുന്നതാണ്.

19 ക. വിഷമതകരം നീക്കംചെയ്യാനുള്ള അധികാരം.—ഈ ആക്ററിലെ വ്യവസ്ഥകരംക്കു പ്രഭാവം നല്കുന്നതിൽ ഏതെങ്കിലും വിഷമത ഉദ്ഭവിക്കുന്നപക്ഷവും, പ്രത്യേകിച്ച്,—

(i) ഫാക്ടറി ആയ ഒരു സ്ഥാപനം I-ാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നുണ്ടോ എന്നോ ;

(ii) ഏതെങ്കിലും പ്രത്യേക സ്ഥാപനം 1-ാം വകുപ്പ് (3)-ാം ഉപവകുപ്പ് (ഖ) ഖണ്ഡത്തിൻകീഴിലെ ഒരു വിജ്ഞാപനത്തിൻെറ ബലത്തിൽ ഈ ആക്ററ് ബാധകമാകുന്നതരം സ്ഥാപനത്തിൽപ്പെട്ടതാണോ എന്നോ ;

(iii) ഒരു സ്ഥാപനത്തിൽ നിയോജിക്കപ്പെട്ടിട്ടുള്ള ആളുകളുടെ എണ്ണം എത്രയാണ് എന്നോ ;

(iv) ഒരു സ്ഥാപനം ഏർപ്പെടുത്തിയിട്ടുള്ള തീയതി മുതൽ എത്ര വർഷം കഴിഞ്ഞിട്ടുണ്ടെന്നോ ;

(v) നിയോജകൻ ഒരു ജോലിക്കാരന് അവകാശപ്പെട്ട ആനുകൂല്യങ്ങളുടെ ഒട്ടാകെയുള്ള പരിമാണം കുറിച്ചിട്ടുണ്ടോ എന്നോ ;

ഉള്ളതിനെക്കുറിച്ച് ഏതെങ്കിലും സംശയം ഉദ്ഭവിക്കുന്ന പക്ഷവും, കേന്ദ്രഗവൺമെൻറിന്, ഉത്തരവുവഴി ഈ ആക്ററിലെ വ്യവസ്ഥകളോട് അസംഗതമല്ലാത്തതും ആ സംശയമോ വിഷമതയോ നീക്കം ചെയ്യാൻ ആവശ്യകമോ സമീചീനമോ ആണെന്ന് തോന്നുന്നതുമായ വ്യവസ്ഥകരം ഉണ്ടാക്കുകയോ, നിദേശങ്ങരം നല്കുകയോ ചെയ്യാവുന്നതും; അങ്ങനെയുള്ള സംഗതികളിൽ കേന്ദ്രഗവൺമെൻറിൻെറ ഉത്തരവു അന്തിമമായിരിക്കുന്നതുമാണ്.

20. 1951—ലെ ആർഡിനൻസ് 8-ൻെറ റദ്ദാക്കൽ.—റദ്ദാക്കലും ഭേദഗതി ചെയ്യലും ആക്ററ്, 1957 (1957-ലെ 36) 2-ാം വകുപ്പിനാലും 1-ാം പട്ടികയാലും റദ്ദാക്കപ്പെട്ടു.

പട്ടിക I

2. (ഝ)-യും 4-ാം വകുപ്പുകൾ നോക്കുക)

താഴെപറയുന്നവയിൽ ഏതിന്റെയെങ്കിലും നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യവസായം, അതായത് :—

സിമന്റ്.

സിഗററുകൾ.

ഇലക്ട്രിക്കൽ, യാന്ത്രിക, അല്ലെങ്കിൽ സാമാന്യ എൻജിനീയറിങ് ഉത്പന്നങ്ങൾ.

ഇരുമ്പും ഉരുക്കും.

കടലാസ്.

ടെക്സ്റ്റൈൽ (മുഴവനായോ ഭാഗികമായോ പരുത്തിയോ, കമ്പിളിയോ, ചണമോ കൊണ്ട് അല്ലെങ്കിൽ പട്ടുകൊണ്ട്, പ്രാകൃതികമോ കൃത്രിമമോ, ആയാലും, ഉണ്ടാക്കിയിട്ടുള്ളത്.

1. തീപ്പെട്ടികൾ.
2. ഭക്ഷിക്കാവുന്ന എണ്ണകളും കൊഴുപ്പുകളും.
3. പഞ്ചസാര.
4. റബ്ബറും, റബ്ബർ ഉത്പന്നങ്ങളും.
5. വിദ്യുച്ഛക്തി, അതിന്റെ ഉത്പാദനവും, പ്രേഷണവും, വിതരണവും ഉൾപ്പെടെ.
6. തേയില.
7. അച്ചടി—അച്ചടിക്കുന്നതിനുള്ള അച്ചുകൾ നിരത്തുന്ന പ്രക്രിയയോ, ലെറർപ്രസ്സ് കൊണ്ടുള്ള അച്ചടിയോ ലിത്തോഗ്രാഫിയോ, ഫോട്ടോഗ്രാവ്യൂറോ മററ് സദൃശ പ്രക്രിയയോ, ബുക്കുബൈൻഡിങ്ങോ ഉൾപ്പെടെ [പത്രപ്രവൃർത്തകരും (സേവനവ്യവസ്ഥകൾ) പലവക വ്യവസ്ഥകളും ആക്റ്റ്, 1955-ൽ നിർവ്വചിച്ചപ്രകാരമുള്ള വർത്തമാനപ്പത്രസ്ഥാപനങ്ങൾ സംബന്ധിച്ച അച്ചടി വ്യവസായം അല്ലാത്തത്.]
8. ഗ്ലാസ്സ്.
9. കല്ക്കുഴലുകൾ.
10. സാനിററി സാമാനങ്ങൾ.
11. വൈദ്യുതി ഹൈടെൻഷൻ പോഴ്സ്ലേൻ ഇൻസുലേററുകളും വൈദ്യുത പോഴ്സ്ലേൻ ലോ ടെൻഷൻ ഇൻസുലേററുകളും.
12. റിഫ്രാക്ററുകൾ.
13. ഓടുകൾ.

1. ഘനരാസദ്രവ്യങ്ങളും ലഘുരാസദ്രവ്യങ്ങളും താഴെ പറയുന്നവ ഉൾപ്പെടെ,—

(i) രാസവളങ്ങൾ.
(ii) ടർപ്പെന്റൈൻ.
(iii) റോസിൻ.
(iv) ഔഷധകൂട്ടുകൾ, (മെഡിക്കലും ഫാർമസ്യൂട്ടിക്കലും).
(v) ചമയക്കൂട്ടുകൾ.
(vi) സോപ്പുകൾ.
(vii) മഷികൾ.
(viii) മാദ്ധ്യമികങ്ങളും, ചായങ്ങളും കളർ ലേക്കുകളും, ട്ടോണറുകളും
(ix) കൊഴുപ്പ് അമ്ളങ്ങൾ.
(x) ഓക്സിജൻ, അസററിലിൻ, കാർബൺഡൈയാക്സൈഡ് എന്നീ വാതകങ്ങളുടെ വ്യവസായം.

2. നീലം.
3. അരക്ക്, ഷെല്ലാക്ക് ഉൾപ്പെടെ.
4. ഭക്ഷിക്കാവുന്നതല്ലാത്തസസ്യ-മാംസ എണ്ണകളും കൊഴുപ്പുകളും.

ഖനിജതൈലസംസ്കരണ വ്യവസായം

(i) വ്യാവസായിക -പൗവ്വർ മദ്യസാരികവ്യവസായവും ;
(ii) ആസ്ബസ്റ്റോസ് സിമൻറ്ഷീററ് വ്യവസായവും,—

ബിസ്ക്കററ് നിർമ്മാണ വ്യവസായം

ബിസ്ക്കററുകളും, റൊട്ടി, മിഠായി, പാൽ-പാല്പൊടി മുതലായ ഉത്പന്നങ്ങളും ഉണ്ടാക്കുന്ന സംയുക്തയൂണിററുകൾ ഉൾപ്പെടെ.

അഭ്രവ്യവസായം.

പ്ലൈവുഡ് വ്യവസായം

ആട്ടോമൊബൈൽ റിപെയറിങ്ങ്-സർവീസിങ്ങ് വ്യവസായം.

അരിമില്ലിങ്ങ്.

മാവ്മില്ലിങ്ങ്.

പരിപ്പ് മില്ലിങ്ങ്.

സ്റ്റാർച്ച് വ്യവസായം.

1. പെട്രോളിയത്തിനോ പ്രാകൃതിക വാതകത്തിനോ ഉള്ള അന്വേഷണം, പൂർവ്വേക്ഷണം അല്ലെങ്കിൽ അതിൻെറ വേതനം അല്ലെങ്കിൽ ഉത്പാദനം.

2. പെട്രോളിയത്തിൻേറയോ പ്രാകൃതീക വാതകത്തിൻേറയോ, സംസ്കരണം.

തോൽ-തോലുത്പന്നങ്ങൾ വ്യവസായം

1. കല്ശേണികൾ.
2. പിഞ്ഞാണം.

പഴം പച്ചക്കറി പരിരക്ഷണ വ്യവസായം, എന്നു പറഞ്ഞാൽ, താഴെ പറയുന്ന ഏതെങ്കിലും സാധനങ്ങൾ തയ്യാറാക്കുന്നതിലോ ഉത്പാദിപ്പിക്കുന്നതിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യവസായം, അതായത് ;

(i) ടിന്നിൽ ആക്കിയതും കുപ്പിയിൽ ആക്കിയതുമായ പഴങ്ങളും ചാറുകളും പൾപ്പുകളും.
(ii) ടിന്നിൽ ആക്കിയതും കുപ്പിയിൽ ആക്കിയതുമായ പച്ചക്കറികൾ.
(iii) മരവിപ്പിച്ച പഴങ്ങളും പച്ചക്കറികളും.
(iv) ജാമുകളും ജെല്ലികളും മാർമലേഡുകളും.
(v) തക്കാളി ഉത്പന്നങ്ങളും കെച്ചപ്പുകളും സാബുകളും.
(vi) സ്ക്വാഷുകളും, ക്രഷുകളും, കാർഡിയലുകളും ഉടൻ വിളമ്പാവുന്ന പാനീയങ്ങളും അല്ലെങ്കിൽ പഴച്ചാറോ പഴപ്പൾപ്പോ അടങ്ങുന്ന മററു ഏതെങ്കിലും പാനീയങ്ങളും.
(vii) പരിരക്ഷിതമോ ക്യാൻഡി ചെയ്തതോ ക്രിസ്ററലാക്കിയതോ ആയ പഴങ്ങളും തൊലികളും;
(viii) ചട്ടിണികൾ.
(ix) പഴങ്ങളുടേയും സസ്യങ്ങളുടേയും പരിരക്ഷണമോ ടിന്നിലാക്കലോ സംബന്ധിച്ച് വിനിർദ്ദിഷ്ടമല്ലാത്ത മറേറതെങ്കിലും ഇനം.

കശുവണ്ടി വ്യവസായം.

മിഠായി വ്യവസായം.

1. ബട്ടനുകൾ.
2. ബ്രഷുകൾ.
3. പ്ലാസ്ററിക്കും പ്ലാസ്ററിക്ക് ഉൽപ്പന്നങ്ങളും;
4. സ്റേറഷനറി ഉൽപ്പന്നങ്ങൾ.

വായുമിശ്രപാനീയ വ്യവസായം, അതായത്, വായുമിശ്രപാനീയത്തിന്റേയോ മദ്യസാരികമല്ലാത്ത പാനീയങ്ങളുടേയോ അല്ലെങ്കിൽ കാർബണിക ജലത്തിന്റേയോ നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യവസായം.

(വ്യാവസായിക—പവ്വർ മദ്യസാരത്തിൽപെടാത്ത) സ്പിരിററുകളുടെ വാററലും ശുദ്ധീകരണവും സ്പിരിററുകളുടെ മിശ്രണവും വ്യവസായം.

പെയിന്ററും വാർണീഷും വ്യവസായം.

എല്ലുപൊടിക്കൽ വ്യവസായം.

പിക്കർ വ്യവസായം.

ക്ഷീരവും ക്ഷീരോത്പന്നങ്ങളും വ്യവസായം.

ഇൻഗോട്ട് രൂപത്തിലുള്ള ഇരുമ്പുചേരാത്ത ലോഹങ്ങളും കൂട്ടുലോഹങ്ങളും, വ്യവസായം.

റൊട്ടിവ്യവസായം.

പുകയില തണ്ടു കളയുകയോ വീണ്ടും ഉണക്കുകയോ ചെയ്യുന്ന വ്യവസായം, അതായത് പുകയില തണ്ടുകളയുകയോ, വീണ്ടും ഉണക്കുകയോ എടുത്തുപെരുമാറുകയോ തരംതിരിക്കുകയോ ഗ്രേഡ്ചെയ്യുകയോ പായ്ക്ക് ചെയ്യുകയോ ചെയ്യുന്നതിൽ ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വ്യവസായം.

(ധൂപവും ധൂപത്തിരിയും ഉൾപ്പെടെ) ചന്ദനത്തിരി വ്യവസായം.

(നൂല്പ് വിഭാഗം ഒഴിച്ചുനിറുത്തി) കയർ വ്യവസായം.

പുകയില വ്യവസായം, അതായത്, പുകയിലയിൽനിന്ന് ചുരുട്ടുകളും, ജർദയും, പൊടിയും, കീവാമും, ഗുരകം നിർമ്മിക്കുന്നതിൽ ഏർപ്പെട്ടിരിക്കുന്ന വ്യവസായം.

കടലാസ് ഉൽപ്പന്നങ്ങൾ വ്യവസായം.

ലൈസൻസ് ആവശ്യമായിട്ടുള്ളതും പത്തു ഏക്കറിൽ കുറയാതെഭൂമിയുള്ളതുമായ, ഉപ്പു നിർമ്മാണത്തിൽ ഏർപ്പെട്ടിട്ടുള്ള വ്യവസായം.

ചണം ബെയിലാക്കുകയോ പ്രസ്സ് ചെയ്യുകയോ ചെയ്യുന്ന വ്യവസായം.

വെടിക്കെട്ട് സാമഗ്രി—ആഘാതത്തൊപ്പി നിർമ്മാണങ്ങൾ വ്യവസായം.

ഫെറോ—മാൻഗനീസ് വ്യവസായം.

ഐസ് അല്ലെങ്കിൽ ഐസ്ക്രീം വ്യവസായം.

ചരട് ചുററലും നൂൽറീലാക്കലും വ്യവസായം.

വിശദീകരണം.—ഈ പട്ടികയിൽ, ഉപയോഗിച്ചിട്ടുള്ള പദങ്ങളുടെ സാധാരണമായ അർത്ഥത്തിന് ഭംഗംവരാതെ ഈ പട്ടികയിൽ.—

(ക) "ഇലക്ട്രിക്കൽ, യാന്ത്രിക അല്ലെങ്കിൽസാമാന്യ എഞ്ചിനീയറിങ്ങ് ഉൽപ്പന്നങ്ങൾ" എന്ന പദത്തിൽ—

(1) കേബിളുകളും കമ്പികളും ഉൾപ്പെടെ വൈദ്യുത ഊർജ്ജത്തിന്റെ ഉൽപ്പാദനത്തിനോ, പ്രേഷണത്തിനോ, വിതരണത്തിനോ അളക്കലിനോ വേണ്ടിയുള്ള മെഷിനറിയും സജ്ജീകരണവും, മോട്ടാറുകളും;

(2) ടെലഫോൺ—ടെലഗ്രാഫ്—വയർലസ്സ് വാർത്താവിനിമയ ഉപകരണവും;

(3) വൈദ്യുതവിളക്കുകൾ (ഗ്ലാസ് ബൾബുകൾ ഉൾപ്പെടാതെ)

(4) വൈദ്യുത ഫാനുകളും വൈദ്യുത ഗാർഹി കോപകരണങ്ങളും;

(5) സ്റേറാറേജ്—ഡ്രൈബാററികളും.

(6) റേഡിയോ റിസീവർകളും ധ്വനിപ്രത്യുത്പാദന ഉപകരണങ്ങളും;

(7) വൈദ്യുതമെഷിനറിയും മെഷിൻടൂളുകളും അല്ലാത്തതും, വ്യവസായത്തിൽ ഉപയോഗിക്കുന്നതുമായ മെഷിനറിയും (ടെക്സ്റൈറൽ മെഷിനറി ഉൾപ്പെടെ)

(8) ഇൻേറർന്നൽ കംബസ്ററൺഎൻജിനുകളും മറൈൻ എഞ്ചിനുകളും ലോക്കോമോട്ടീവുകളും ഉൾപ്പെടെ ബായിലറുകളും, മൂലചാലകങ്ങളും;

(9) മെഷീൻടൂളുകളും അതായത് ലോഹത്തിൻമേലും തടിത്തരത്തിൻ മേലും പണിചെയ്യുന്ന മെഷിനറികൾ.

(10) ചാണച്ചക്രങ്ങളും.

(11) കപ്പലുകളും.

(12) ആട്ടോമൊ ബൈലുകളും ട്രാക്ററുകളും,

(13) ബോൾട്ടുകളും നട്ടുകളും റിവററുകളും,

(14) യന്ത്രശക്തി ചാലിതമായ പമ്പുകളും,

(15) ബൈസിക്കിളുകളും,

(16) ഹറിക്കേൻ റാന്തലുകളും,

(17) തുന്നൽ യന്ത്രങ്ങളും പിന്നൽ യന്ത്രങ്ങളും,

(18) ഗണിതോപകരണങ്ങളും ശാസ്ത്രോപകരണങ്ങളും,

(19) ലോഹറോളിങ്ങ് ഉൽപ്പന്നങ്ങളും ലോഹ റിറോളിങ്ങ് ഉൽപ്പന്നങ്ങളും.

(20) കമ്പികളും, പൈപ്പുകളും, ററ്യൂബുകളും ഫിററുങ്ങ്കളും.

(21) ഇരുമ്പു ചേരുന്നതും ഇരുമ്പുചേരാത്തതുമായ വാർപ്പുകളും,

(22) ഇരുമ്പോ, ഉരുക്കോ, അല്ലെങ്കിൽ ഉരുക്കുക്കൂട്ടുലോഹമോകൊണ്ട് ഉണ്ടാക്കിയ സേഫുകളും വാർട്ടുകളും ഫർണിച്ചറും;

(23) കത്തികളും ശസ്ത്രക്രിയോപകരണങ്ങളും;

(24) ഡ്രമ്മുകളും കൺടെയിനറുകളും,

(25) 1 മുതൽ 24 വരെയുള്ള ഇനങ്ങളിൽ വിനിർദ്ദേശിച്ച ഉൽപ്പന്നങ്ങളുടെ ഭാഗങ്ങളും ഉപസാധനങ്ങളും,

ഉൾപ്പെടുന്നതും;

(ഖ) "ഇരുമ്പും ഉരുക്കും" എന്ന പദത്തിൽ കാരിരുമ്പും, ഇൻഗോട്സുകളും, ബ്ലൂമുകളും, ബില്ലററുകളും, റോൾ ചെയ്തതോ റീറോൾ ചെയ്തതോ ആയ ഉൽപ്പന്നങ്ങളും മൂലരൂപങ്ങളും, ടൂളുമായി ഉരുക്കുകൂട്ടുകളും ഉൾപ്പെടുന്നതും;

(ഗ) "കടലാസ്" എന്ന പദത്തിൽ പൾപ്പും. കടലാസുബോർഡും സ്ട്രാബോർഡും ഉൾപ്പെടുന്നതും;

(ഘ) "ടെക്സ്റൈറൽ' എന്ന പദത്തിൽ കടയൽ, നൂല്പ്, നെയ്ത്ത്, നൂലിന്റേയും തുണിയുടേയും മിനുക്കു പണിയും നിറംകൊടുക്കലും, അച്ചടി, തുന്നൽ, ചിത്രത്തയ്യൽ എന്നിവയിൽനിന്നുള്ള ഉത്പന്നങ്ങൾ ഉൾപ്പെടുന്നതും, ആകുന്നു.

## പട്ടിക II

[5(1ഖ) വകുപ്പു നോക്കുക]

### പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന വിഷയങ്ങൾ

1. ഫണ്ടിൽ ചേരേണ്ട ജോലിക്കാരും, അല്ലെങ്കിൽ തരം ജോലിക്കാരും, ഏതു് ഉപാധികൾക്കു കീഴിലാണോ ജോലിക്കാർ ഫണ്ടിൽ ചേരുന്നതിൽനിന്നോ ഏതെങ്കിലും അംശദായം നല്കുന്നതിൽ നിന്നോ ഒഴിവാക്കപ്പെടാവുന്നത്, ആ ഉപാധികളും;

2. നിയോജകരും, ജോലിക്കാരും അല്ലെങ്കിൽ അവർക്കുവേണ്ടിയും (അയാളാൽ നേരിട്ടോ കൺട്രാക്ററാലോ കൺട്രാക്ററർ മുഖേനയോ, നിയോജിക്കപ്പെട്ടവരായാലും) ഫണ്ടിലേക്ക് അംശാദായങ്ങൾ നല്കേണ്ട സമയവും

രീതിയും, ഒരു ജോലിക്കാരൻ 6-ാം വകുപ്പിൻകീഴിൽ അംശദായങ്ങൾ നല്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അയാൾക്ക് അപ്രകാരം നല്കാവുന്ന അംശദായങ്ങളും, അങ്ങനെയുള്ള അംശദായങ്ങൾ വസൂലാക്കാവുന്ന രീതിയും,

2ക. കൺട്രാക്ടർമാർക്ക്, അങ്ങനെയുള്ള കൺട്രാക്ടർമാരാലോ അവർ മുഖേനയോ നിയോജിക്കപ്പെടുന്ന ജോലിക്കാരിൽനിന്ന് ജോലിക്കാരുടെ അംശദായങ്ങൾ വസൂലാക്കാവുന്ന രീതി.

3. ഫണ്ടിന്റെ ഭരണം നടത്താനുള്ള ചെലവ് നേടുന്നതിന് ആവശ്യകമായ തുക നിയോജകൻ കൊടുക്കുന്നതും, അങ്ങനെ കൊടുക്കേണ്ടത് ഏത് നിരക്കിലും രീതിയിലുമാണെന്നുള്ളതും.

4. ഏതെങ്കിലും ട്രസ്റ്റി ബോർഡിനെ സഹായിക്കുന്നതിന് ഏതെങ്കിലും കമ്മിറ്റി ഏർപ്പെടുത്തുന്നത്.

5. ഏതെങ്കിലും ട്രസ്റ്റിബോർഡിന്റെ പ്രാദേശിക ആഫീസുകളും മററ് ആഫീസുകളും തുറക്കുന്നത്.

6. കണക്കുകൾ വച്ചുപോരേണ്ട രീതിയും കേന്ദ്രഗവൺമെന്റ് നല്കുന്ന ഏതെങ്കിലും നിർദ്ദേശങ്ങളും വിനിർദ്ദേശിക്കുന്ന ഏതെങ്കിലും വ്യവസ്ഥകളും അനുസരിച്ചു ഫണ്ടുവക പണം നിക്ഷേപിക്കുന്നതും, ബഡ്ജററ് തയ്യാറാക്കുന്നതും, കണക്കുകൾ ആഡിററു ചെയ്യുന്നതും കേന്ദ്രഗവൺമെന്റിനോ ഏതെങ്കിലും വിനിർദ്ദിഷ്ട സ്റ്റേററ് ഗവൺമെന്റിനോ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതും.

7. ഏതെല്ലാം ഉപാധികൾക്ക് കീഴിലാണോ ഫണ്ടിൽനിന്ന് പണം പിൻവലിക്കാൻ അനുവദിക്കുകയും ഏതെങ്കിലും കിഴിവോ കണ്ടുകെട്ടലോ നടത്തുകയും ചെയ്യാവുന്നത്, ആ ഉപാധികളും അങ്ങനെയുള്ള കിഴിവിന്റേയോ കണ്ടുകെട്ടലിന്റേയോ പരമാവധി തുകയും;

8. അംഗങ്ങൾക്ക് കൊടുക്കേണ്ട പലിശയുടെ നിരക്ക് കേന്ദ്ര ഗവൺമെന്റ് ബന്ധപ്പെട്ട ട്രസ്റ്റ് ബോർഡുമായി ആലോചിച്ചു നിജപ്പെടുത്തുന്നത്.

9. ആവശ്യപ്പെടുമ്പോൾ ഒരു ജോലിക്കാരൻ തന്നെക്കുറിച്ചും തന്റെ കുടുംബത്തെക്കുറിച്ചും വിവരങ്ങൾ നൽകേണ്ട ഫാറം.

10. ഒരംഗത്തിന്റെ മരണാനന്തരം അയാളുടെ വരവു കണക്കിൽ നിൽക്കുന്ന തുക വാങ്ങുന്നതിനായി ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും, അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതും.

11. നിയോജകരോ കൺട്രാക്ടർമാരോ ജോലിക്കാരെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്റ്ററുകളും റിക്കാർഡുകളും അവർ നൽകേണ്ട റിട്ടേണുകളും.

12. ഏതെങ്കിലും ജോലിക്കാരനെ തിരിച്ചറിയുന്ന ആവശ്യത്തിനുള്ള ഏതെങ്കിലും അടയാളച്ചീട്ടിന്റേയോ, ടോക്കണിന്റേയോ ഡിസ്ക്കിന്റേയോ ഫാറവും അല്ലെങ്കിൽ മാതൃകയും; അത് നല്കലും സൂക്ഷിക്കലും പകരം വയ്ക്കലും,

13. ഈ പട്ടികയിൽ വിനിർദ്ദേശിക്കുന്ന ആവശ്യങ്ങളിൽ ഏതിനെങ്കിലും ചുമത്തേണ്ട ഫീസ്.

14. 14-ാം വകുപ്പു (2)-ാം ഉപവകുപ്പിൻകീഴിൽ ശിക്ഷിക്കപ്പെടേണ്ടതായിരിക്കുന്ന ഉല്ലംഘനങ്ങളും വീഴ്ചകളും.

15. ഇൻസ്പെക്ടർമാർക്കു പ്രയോഗിക്കാവുന്ന കൂടുതൽ അധികാരങ്ങൾ വല്ലതുമുണ്ടെങ്കിൽ, അവ

16. നിലവിലുള്ള ഏതെങ്കിലും പ്രാവിഡന്റ് ഫണ്ടിലെ ഈ ചട്ടങ്ങൾ 15-ാം വകുപ്പിൻകീഴിൽ, ഫണ്ടിലേക്ക് മാറേറണ്ട രീതിയും ഇതിലേക്ക് നിയോജകൻ കൈമാററം ചെയ്യുന്ന ഏതെങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയത്തിന്റെ സമ്പ്രദായവും.

17. ഏതു് ഉപാധികൾക്ക് കീഴിലാണോ ഫണ്ടിൽനിന്ന് ലൈഫ് ഇൻഷ്വറൻസ് പ്രീമിയം കൊടുക്കാൻ ഒരു അംഗത്തെ അനുവദിക്കാവുന്നത് ആ ഉപാധികൾ.

18. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി ആവശ്യകമോ സമുചിതമോ ആയതോ ആയ മറേറതെങ്കിലും വിഷയം.

പട്ടിക III

[6 ക (4) വകുപ്പു നോക്കുക]

കുടുംബപെൻഷൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യാവുന്ന വിഷയങ്ങൾ.

1. കുടുംബ പെൻഷൻ പദ്ധതി ബാധകമാകേണ്ട ജോലിക്കാരും, അല്ലെങ്കിൽ തരംജോലിക്കാരും, മുൻപറഞ്ഞ പദ്ധതി ബാധകമാകാത്ത ജോലിക്കാർ, ആ പദ്ധതിയിൽ ചേരാനുള്ള ഇച്ഛാപ്രകടനം നടത്തേണ്ടത് ഏതു് സമയത്തിനുള്ളിലാണെന്നുള്ളതും,

2. 6ക (2) വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, കുടുംബ പെൻഷൻ ഫണ്ടിൽ വരവു വയ്ക്കാവുന്ന, നിയോജകൻേറയും ജോലിക്കാരൻേറയും അംശദായത്തിൻേറ ഭാഗവും, അത് വരവു വയ്ക്കേണ്ട രീതിയും.

3. കുടുംബ പെൻഷൻ ഫണ്ടിലേക്ക് കേന്ദ്രഗവൺമെൻറ് അംശദായം ചെയ്യുന്നതും അങ്ങനെയുള്ള അംശദായം ചെയ്യേണ്ടരീതിയും,

4. കുടുംബ പെൻഷൻഫണ്ടിൻെറ കണക്കുകൾ വച്ചുപോരേണ്ട രീതിയും, കുടുംബപെൻഷൻ ഫണ്ടുവക പണം പ്രതിവർഷം അഞ്ചരശതമാനത്തിൽ കുറയാത്ത ഒരു പലിശ നിരക്കിൽ കേന്ദ്രഗവൺമെൻറ്വശം നിക്ഷേപിക്കുന്നതും;

5. ആവശ്യപ്പെടുമ്പോഴെല്ലാം, ഒരു ജോലിക്കാരൻ തന്നെക്കുറിച്ചും തൻെറ കുടുംബത്തെക്കുറിച്ചും വിവരങ്ങൾ നല്കേണ്ട ഫാറം.

6. ഒരു ജോലിക്കാരനു കിട്ടാനുള്ള അഷ്വറൻസ് തുക അയാളുടെ മരണാനന്തരം വാങ്ങാനായി ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും, അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതും.

7. ജോലിക്കാരെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്ററുകളും റിക്കാർഡുകളും, ഏതെങ്കിലും ജോലിക്കാരനേയോ അയാളുടെ നിർദ്ദിഷ്ട നാമാവിനേയോ പെൻഷൻ വാങ്ങാൻ അവകാശമുള്ള കുടുംബാംഗത്തേയോ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള അടയാളച്ചീട്ടിൻേറയോ ടോക്കണിൻേറയോ ഡിസ്കിൻേറയോ ഫാറവും അല്ലെങ്കിൽ മാതൃകയും.

8. കുടുംബ പെൻഷൻേറയും അഷ്വറൻസ് തുകയുടേയും സ്കെയിലുകൾ.

9. ഒഴിവാക്കപ്പെട്ട സ്ഥാപനങ്ങൾ കുടുംബ പെൻഷൻ ഫണ്ടിലേക്ക് അംശദായങ്ങൾ (നിയോജകൻേറയും ജോലിക്കാരുടേയും ഓഹരികൾ) കൊടുക്കേണ്ട രീതിയും അതുസംബന്ധിച്ച റിട്ടേണുകൾ സമർപ്പിക്കലും.

10. കുടുംബ പെൻഷൻ വിതരണം ചെയ്യേണ്ട സമ്പ്രദായവും ആ ആവശ്യത്തിനുവേണ്ടി വിനിർദ്ദേശിക്കപ്പെടുന്ന വിതരണ ഏജൻസികളുമായി ചെയ്യേണ്ട ഏർപ്പാടുകളും.

11. കുടുംബ പെൻഷൻ പദ്ധതിയുടെ ഭരണം സംബന്ധിച്ച് നേരിടുന്ന ചെലവുകളും കേന്ദ്രഗവൺമെൻറ് കേന്ദ്രബോർഡിലേക്ക് കൊടുക്കുന്ന രീതി.

12. കുടുംബ പെൻഷൻ പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ അല്ലെങ്കിൽ കുടുംബ പെൻഷൻ പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി ആവശ്യകമോ സമുചിതമോ ആയതോ ആയ മറേറതെങ്കിലും വിഷയം.

പട്ടിക IV

(6 ഗ വകുപ്പുനോക്കുക)

ജോലിക്കാരുടെ നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ട വിഷയങ്ങൾ

1. ഇൻഷ്വറൻസ് പദ്ധതിയിൽപെടുന്ന ജോലിക്കാർ അല്ലെങ്കിൽ തരം ജോലിക്കാർ.

2. ഇൻഷ്വറൻസ് നിധിയുടെ കണക്കുകൾ വച്ചുപോരേണ്ടരീതിയും, ഇൻഷ്വറൻസ് നിധി വകപണം കേന്ദ്രഗവൺമെൻറ് ഉത്തരവുവഴി നിശ്ചയിക്കുന്ന നിക്ഷേപമാതൃകയ്ക്കു വിധേയമായി നിക്ഷേപിക്കുന്നതും.

3. ആവശ്യപ്പെടുമ്പോഴെല്ലാം, ഒരു ജോലിക്കാരൻ തന്നെക്കുറിച്ചും തന്റെ കുടുംബത്തിലെ അംഗങ്ങളെക്കുറിച്ചും വിവരങ്ങൾ നല്കേണ്ട ഫാറം.

4. ഒരു ജോലിക്കാരനുകിട്ടാനുള്ള ഇൻഷ്വറൻസ് തുക അയാളുടെ മരണാനന്തരം വാങ്ങാനായി ഒരാളെ നാമനിർദ്ദേശം ചെയ്യുന്നതും അങ്ങനെയുള്ള നാമനിർദ്ദേശം റദ്ദാക്കുകയോ വ്യത്യാസപ്പെടുത്തുകയോ ചെയ്യുന്നതും.

5. ജോലിക്കാരെ സംബന്ധിച്ച് വച്ചുപോരേണ്ട രജിസ്ററുകളും റിക്കാർഡുകളും ; ഏതെങ്കിലും ജോലിക്കാരനേയോ അയാളുടെ നിർദ്ദിഷ്ട നാമാവിനേയോ ഇൻഷ്വറൻസ് തുക വാങ്ങാൻ അവകാശമുള്ള കുടുംബാംഗത്തേയോ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള ഏതെങ്കിലും അടയാളച്ചീട്ടിന്റേയോ, ടോക്കണിന്റേയോ, ഡിസ്കിന്റെയോ ഫാറവും അല്ലെങ്കിൽ രൂപമാതൃകയും സംബന്ധിച്ചും.

6. ഇൻഷ്വറൻസ് തുകയുടെ സ്കെയിലുകൾ,— അവ ഫണ്ടിലോ മറേറതെങ്കിലും പ്രോവിഡൻറ് ഫണ്ടിലോ ഉള്ള ബന്ധപ്പെട്ട ജോലിക്കാരന്റെ അക്കൗണ്ടിലെ അയാളുടെ മരണത്തിന് തൊട്ടുമുമ്പുള്ള മൂന്നു വർഷക്കാലത്തിലെ ശരാശരി ബാക്കിയിൽ കുറയുകയോ പതിനായിരം രൂപയിൽ കവിയുകയോ ചെയ്യാൻ പാടുള്ളതല്ല.

7. പദ്ധതിക്ക് കീഴിലുള്ള ആനുകുല്യങ്ങൾക്ക് തന്നെ അർഹനാക്കാൻ ഒരു ജോലിക്കാരൻ, ഫണ്ടിലോ മറേറതെങ്കിലും പ്രാവിഡൻറ് ഫണ്ടിലോ നിലനിറുത്തേണ്ട ഏററവും കുറഞ്ഞ ശരാശരി ബാക്കി.

8. ജോലിക്കാരന്റെ നിർദ്ദിഷ്ടനാമാവിനോ അയാളുടെ കുടുംബാംഗത്തിനോ പദ്ധതിക്കു കീഴിൽ കൊടുക്കാനുള്ള തുക കൊടുക്കേണ്ട രീതി,—ബാങ്കിംങ് കമ്പനികൾ (സംരംഭങ്ങളുടെ അർജ്ജനവും കൈമാററവും ആക്ററ്, 1970 (1970-ലെ 5)-ലെ ഒന്നാം പട്ടികയിൽ വിനിർദ്ദേശിക്കുന്ന ഏതെങ്കിലും തൽസ്ഥാനീയ പുതിയ ബാങ്കിൽ ഉള്ള ഒരു സേവിംങ്സ് ബാങ്ക് അക്കൗണ്ടിലെ അങ്ങനെയുള്ള നിർദ്ദിഷ്ട നാമാവിന്റേയോ, കുടുംബാംഗത്തിന്റേയോ പേരിലുള്ള ഒരു ഡപ്പോസിററിന്റെ രൂപത്തിലല്ലാതെ കൊടുക്കാൻ പാടുള്ളതല്ലെന്നുള്ള വ്യവസ്ഥ ഉൾപ്പെടെ.

9. ജോലിക്കാരുടെ നിക്ഷേപാനുബദ്ധ ഇൻഷ്വറൻസ് പദ്ധതിയിൽ വ്യവസ്ഥചെയ്യേണ്ടതോ അല്ലെങ്കിൽ ആ പദ്ധതി നടപ്പിൽ വരുത്തുന്നതിനുവേണ്ടി ആവശ്യകമോ സമുചിതമോ ആയതോ ആയ മറേറതെങ്കിലും വിഷയം.

———